

# സ്പന്ദനം



# ജി.എച്ച്.എസ്.എസ്

# മൂട്ടം

## യൂണിറ്റ് അംഗങ്ങൾ



ഈ മാഗസീൻ നിർമ്മാണത്തിന് സഹായിച്ച എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അവരോടൊപ്പം എല്ലാത്തിനും മുൻകൈ എടുത്ത എല്ലാ ടീച്ചേഴ്സ്മാരെയും ഓർത്തു നന്ദി പറഞ്ഞ് ഈ മാഗസീൻ വാതിൽ തുറക്കുന്നു....

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

PRESENTS



## സ്കൂൾ ചരിത്രം

1938-ൽ കാടമറുക് ഇല്ലത്തെശ്രീ റ്റി.എൻ. ഗോവിന്ദൻ നമ്പൂതിരി ആരംഭിച്ച സംസ്കൃത വിദ്യാലയമാണ്
പിൽക്കാലത്ത് മുട്ടം ഗവ ഹൈർസെക്കണ്ടറി സ്ക്കൂളായി ഉയർത്തപ്പെട്ടത്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ മുട്ടം ഗ്രാമപഞ്ചായത്തിലാണ് ഈ വിദ്യാലയം. ഒന്ന് ചരിത്രത്തിലേക്ക് തിരിഞ്ഞുനോക്കിയാൽ പരപ്പാൻ തോടിനു വടക്കു മുതൽ കാളിയാർ ലരെയുള്ള മുട്ടം പഞ്ചായത്ത് ഉൾപ്പെടുന്ന പ്രദേശങ്ങൾ വടക്കുംക്കൂർ കരിനാട്ടിൽ തമ്പുരാന്റെ അധീനതയിൽ ആയിരുന്നു. തമ്പുരാൻ അത്കിടങ്ങൂർ ദേവസ്വം. 1961 ൽ 140 കുട്ടികളും 4 അധ്യാപകരമായി എൽ പി സ്ക്കൂൾ ആവുകയും 1962 ൽ യുപി സ്ക്കൂളായി ഉയർത്തുകയും 1980 ൽ ഹൈസ്ക്കൂളായി ഉയർത്തപ്പെടുകയും ചെയ്യ്തു. 2014 ൽ ഈ സ്ക്കൂൾഹൈസെക്കണ്ടറി സ്ക്കൂളായി ഉയർത്തപ്പെട്ടു. 1 മതൽ +2 വരെയുള്ള വിദ്യാഭ്യാസം ഒരു കുടക്കീഴിൽലഭിക്കുന്ന മുട്ടം പഞ്ചായത്തിലെ  സ്ക്കൂൾ എന്ന നിലയിൽ നാടിന് എന്നും അഭിമാനമാണ് ഈ പൊതുവിദ്യാലയം.

ജെറിൻ ജെ വർഗ്ഗീസ്

# ആമുഖം

ആശയങ്ങളെ ചിലപ്പോൾ മോഷ്ടിക്കുവാൻ കഴിയുമായിരിക്കും. എന്നാൽ അക്ഷരങ്ങളെ താത്കാലികമായി പോലും ഇല്ലാതാക്കുവാൻ ആർക്കും കഴിയില്ല. സ്പന്ദിക്കുന്ന ഹൃദയങ്ങളുടെ
 കാലാതീതമാക്കി നിർത്തുന്നത് നശിക്കാത്ത അക്ഷരങ്ങളാണ്.സംസ്കാരവും, മനുഷ്യ ജീവിതവും ലിഖിതമായ കാലം മുതലാണ് മനുഷ്യചരിത്രത്തിന്റെ ആരംഭം. എന്നാൽ ഈ ആരംഭകാലത്ത് നിൽക്കാ
തെ ബഹുദൂരം പിന്നിട്ട നമ്മൾ യാന്ത്രികതയുടെ മായാലോകത്ത് അഭിരമിക്കുകയും സ്വയം ചരിത്രത്തിൽ നിന്ന് പുറത്താക്കുവാൻ വ്യാഗ്രതപ്പെടുകയും ചെയ്യുന്നു. അപഹരിക്കപ്പെടുന്ന ചരിത്രനിർമ്മിതിയിൽ എവിടെയാണ് നമ്മൾ **?** ഓരോരുത്തരും എന്ന ഒരു അന്വോഷണമാണ് ഈ ചെറു ഹൃദയങ്ങളുടെ `സ്പന്ദനം'.

ബാല്യ കൗമാരങ്ങൾ അവർ ജീവിച്ചിരിക്കുന്ന പുതിയ ഈ `സ്പന്ദനം' തുടങ്ങുന്നു. യുക്തിയുടെയും, ചിന്തയുടെയും സംവാദങ്ങളുടെ ഓരോ കഥകളും, കവിതകളും,ചിത്രങ്ങളും ഈ `സ്പന്ദനത്തിൽ' ഇടെ പിടിച്ചിരിക്കുന്നു .ഇതുവരെ വായിക്കപ്പെടാത്തവരും ഇതിൽ പങ്കാളികളായി സ്പന്ദനത്തെഅതീവ മികവുറ്റതും കുറ്റമറ്റതുമാക്കി തീർത്തിരിക്കുന്നു. ഇനി വായനക്കാർതീരുമാനിക്കട്ടെ..........

**മനീഷ് ഗോപിനാഥ്**

**എച്ച്.എസ്.എസ് ഹിന്ദി അധ്യാപകൻ**




സുവർണ്ണജൂബിലി ആഘോഷിച്ചു കഴിഞ്ഞിരിക്കുന്ന നമ്മുടെ വിദ്യാലയത്തിന്റെ ചരിത്രത്തിലെ ഒരു നവീന സംരംഭമാണ ഈ ഡിജിറ്റൽ മാഗസിൻ കുട്ടികളുടെ സർഗ്ഗാത്മക കഴിവുകളുടെ
പോഷണവും ഉത്സാഹ്‌ഖേതിക വിദ്യയിലൂടെ എങ്ങനെ പ്രകാശനം ചെയ്യാൻ കഴിയുന്നതും ഈ മാഗസീൻ ലക്ഷ്യംവെക്കുന്നുണ്ട്. ഈ പ്രവർത്തനത്തിൽ കുട്ടികൾ ഉത്സാഹപൂർവ്വം പങ്കെടുക്കയും ചെയ്യ്തു. കുട്ടികളുടെ സ്വർഗ്ഗാത്മക ഡിജിറ്റലാക്കാനുള്ള ക്രമത്തിന് പ്രോത്സാഹനവും സഹകരണവും നൽകിയ എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി..........

സ്നേഹപൂർവ്വം

ഹെഡ്മിസ്ട്രസ്സ്

രമാകുമാരി എൻ.എൻ

പ്രിയപ്പെട്ടവരെ,

നമ്മൾ സ്വപനങ്ങൾ കാണാറില്ലേ ? നമ്മൾ വളർന്നു വലുതാവുന്നതിനെപ്പറ്റി... നാളത്തെ ലോകത്തെപ്പറ്റി ... പൂമ്പാറ്റച്ചിറകുകൾ പോലെ, പൂക്കൾ പോലെ... വർണ്ണോജ്ജ്വലമായ നൂറു നൂറു സ്വപ്നങ്ങൾ...

ഇവിടെ നമ്മുടെ സ്വപ്നങ്ങൾ യഥാർത്ഥമാവുകയാണ്. നമ്മുടെ സർഗ്ഗാത്മകതയ്ക്ക് ഉണർവ്വ് ഉണ്ടായതോടൊപ്പം അത് വിരൽത്തുമ്പിന്റെ സ്പർശനത്താൽ പ്രകാശനം ചെയ്യുവാനും കഴിഞ്ഞിരിക്കുന്നു. നവീനമായ ഒരു തലമുറയെ വാർത്തെടുക്കുവാൻ നമുക്കു കഴിഞ്ഞിരിക്കുന്നു. നമ്മുടെ വിദ്യാലയത്തിലെ ആദ്യ ഡിജിറ്റൽ മാഗസിൻ 'ലിറ്റിൽ കൈറ്റസ് 'എന്ന യൂണിറ്റ് അംഗങ്ങളിലൂടെ പ്രകാശം കാണുന്നു.

സ്വയം ചിന്തിക്കാനും ഭാവിജീവിതത്തിന്റെ സന് കീർണ്ണതകൾ ഏറ്റെടുക്കുവാനും യുവതലമുറയെ വാർത്തെടുക്കുവാൻ ക്ലാസ് മുറിയിലെ പഠനംകൊണ്ടുമാത്രം സാധ്യമല്ല. തേച്ചുമിനുക്കിയാൽ കാന്തിയും മൂല്യവും വർദ്ധിക്കുന്ന നിരവധി രത്നങ്ങൾ നമ്മുടെ വിദ്യാലയങ്ങളിലുണ്ട്. അവരെ തേടിപ്പിടിച്ച് അവരുടെ കഴിവുകൾ വളർത്തിയെടുക്കുവാൻ ഒരു ശ്രമം, അതാണിവിടെ. ഈ മാഗസിന്റെ പ്രകാശനത്തിനു സഹായിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹത്തോടെ

രജനി എം. സി , ബേബി മാത്യു
(കൈറ്റ് മിസ്ട്രസ്) (കൈറ്റ്മിസ്ട്രസ്)

## താളുകൾ മറിയുമ്പോൾ


### കവിതകൾ

1.നവകേരളം – ആനന്ദ് ശർമ്മ (10)
2.വിജയത്തിലേക്ക് നമ്മുടെ കേരളം – വന്ദന ഷാജി (15)
3.എൻറെ ചേച്ചി – സൻജേയ് സുരേഷ്(27)
4.മലയാളം എന്ന കേട്ടാൽ - അൻജലി (30)
5.ലഹരി എന്ന വിഷം – ചന്ദന രഘു (37)
6.എൻറെ ഗ്രാമം – അഖിൽ (41)
7.കുട്ടിയാന – എബിൻ കെ ജോൺസ് (42)
8.പ്രകൃതി – അഭിജിത്ത് ബൈജു (49)
9. കേരള മണ്ണിലൂടെ ഒരു യാത്ര - (52)

### കഥകൾ

1.ബെസ്റ്റ് ഫ്രണ്ട് – കാർത്തിക വിനേഷ് (11)
2.കുറുക്കനെ കുടുക്കിയ കോഴി - എബിൻ കെ ജോൺസ് (13)
3.മടിമാറി – സന്ദീപ് സജീവ്
4. ലഹരി വർജനം – സജിയ സീ.ബി (28)
5.സ്വപ്നങ്ങൾ തകർത്ത ലഹരി പദാർത്ഥങ്ങ മീര മോഹന്ർ (31-32)
6.അപ്പുവിൻറെ അവധിക്കാലം – പ്രവീൺ ബാബു (34)
7.അമ്മ – അഫ്സൽ ഷാനവാസ് (37-38)
8.ബുദ്ധിമാനായ കാക്ക – നിരൺ ലാൽ ഉദയ് (45)

### ലേഖനങ്ങൾ

1.മദ്യവും മയക്കുമരുന്നും – നന്ദന കെ.എ (21 - 23)
2.ഒരു കൈ നൽകാം കേരളത്തിന് – സജിയ സി.ബി (24-25)
3.നവകേരളം – ശ്രീദേവി സത്യ (44)
4.ശാസ്ത്രം രക്ഷകനോ? ശിക്ഷകനോ? – ലില്ലിക്കുട്ടി ടീച്ചർ (H.S SCIENCE TEACHER) (50-51)

### ഉപന്യാസം

1.അണിഞ്ഞൊരുങ്ങകയാണ് നമ്മുടെ കേരളം – ആനന്ദ് ശർമ്മ (17)
2.കേരളം – അലക സി ഗിരീഷ് (35)

### മറ്റുള്ളവ

1.മഴച്ചൊല്ലുകൾ - (8)
2.പരിസ്ഥിതി പ്രാധ്യമുള്ള ദിനങ്ങൾ – (16-17)
3.പഴഞ്ചൊൽ - (46)
4.ജുലികാനാമങ്ങൾ - (47)
5 വഞ്ചിപ്പാട്ട് – കെ.ആർ.അജിതകുമാരി (സംസ്കൃതം ടീച്ചർ) (39)
6.രാമയണം ക്വിസ് - (54)
7.ന്യായങ്ങൾ - (55)
8.പ്രധമ ശുശത്വതങ്ങൾ - (56)

### ജീവചരിത്ര സമാഹാരം

1.നെൽസൺ മൺഡേല
2.എ.പി.ജെ അബ്ദുൾ കലാം
3.ടി.പത്മനാഭൻ
4.സ്റ്റീവ് ജോബ്സ്

# നവകേരളം

ശ്രീയേറിക്കതിച്ചൊരാ കേരളം ഇന്നിതാ
പ്രളയദുരിതത്താൽ തകർന്നുവീണോ ?
കാരണം നമ്മൾ മലയാളിതന്നെയോ-
ഡാമോ? പുഴകളോ? മേഘങ്ങളോ?

മാറുന്ന കാലം, മാറുന്ന ചിന്തകൾ
മാറുന്ന ചാരുതയെന്നുമീ പ്രകൃതിയിൽ
ആ നല്ല പെരുമയിൽ ആറാടുവാനായ്
മാറാമണം നമ്മളുടെ ദുഷ്കൃത ചിന്തകൾ.

കാടും, പുഴകലും, മലകളും നിറഞ്ഞൊരാ-
കേരങ്ങൾ. തിങ്ങിവിളങ്ങുന്ന നാട്
മാറണം നമ്മുടെ നാട് പുതിയ പല
സങ്കേതിക വിദ്യയും ഉപയോഗമാക്കണം.

വേണം വിവിധ കലകൾ തന്റെ പൂരമാ-
യെന്നു തിളങ്ങണം നമ്മുടെ നാടെന്നുമേ...
ഒത്തൊരുമിക്കണം കൈകോർത്ത് മലയിടാം
വലയെറിഞ്ഞൊരുമിച്ച കടൽക്കുട്ടരെപ്പോലെ.....

ആനന്ദ് ശർമ്മ
ക്ലാസ്സ് : IX
ജി.എച്ച്.എസ്സ്.മുട്ടം

# ബെസ്റ്റ് ഫ്രണ്ട്


ഓശാന ഞായർ അതിരാവിലെ പള്ളിയിൽ പോയി. അച്ചൻെറ പ്റസംഗവും കേട്ട് കുരുത്തോലയുംണമായി വീട്ടിലേക്ക് പോവുകയായിരുന്നു. പക്ഷെ എനിക്ക് പള്ളിയിൽ പോവുന്നത് ഒട്ടും ഇഷ്ടമല്ല. ക്റ്സ്ത്യാനിയായി ജനിച്ചിട്ട് ഹിന്ദുവിൻെറ പേര്. ആ പേരാണ് മിഥുനിയ. ഞാൻ എന്തുചെയ്യ്നാ പേര് ഇട്ടു പോയിലെ. പള്ളിയിൽ ആ പേര്. സ്കൂളിൽ ആ പേര്. എന്റെ ആഗ്രഹം മേരി എന്നിടാനാണ്. ഇനി ആ പേര് ഒരിക്കലും മാറ്റാൻ കഴിയില്ല. പള്ളിയിൽ സൺഡേ ക്ളാസിന് പോവുമ്പോൾ ടീച്ചർ പേര് വിളിക്കും. എന്റെ ബെസ്ററ് ഫ്റണ്ട് ലീന. അവൾ എന്നെ മേരി എന്ന് വിളിക്കുന്നത്. അവൾ എന്റെ കൂടെ എപ്പോഴും കാണും. ഒരു ദിവസം ഞങ്ങൾ രണ്ടുപേരും മട്ടുത്തു. കുറച്ചുനേരം വിശ്റമിക്കാം എന്നു പറഞ്ഞ് പാർക്കിലെ പച്ചപുല്ലിൽ ഇരുന്നു. ഞാൻ ലീനയോട് ചോദിച്ചു.''നിന്റെ പേരൻസ് എന്നാവരുന്നത്''. ലീന പറഞ്ഞു. ''അവർ അടുത്ത വർഷം വരും''. ''നമുക്കിനി കുറച്ചുനേരം കളിച്ചാലോ''.ലീന എന്നോട് ചോദിച്ചു.''ശരി'' എന്നു ഞാൻ പറഞ്ഞു. എന്നാൽ തൊട്ടാപിടിത്തം കളിക്കാം എന്നു ഞാൻ പറഞ്ഞു. അവൾ 'ശരി ' പറഞ്ഞു. ''ലീന നീ എന്നെ പിടിക്കണം കേട്ടോ''.ലീന പറഞ്ഞു എനിക്ക് സാറ്റാസീറ്റ് കളിക്കുന്നതാ ഇഷ്ടം. ശരി അതുനമുക്ക് കളിക്കാം എന്നു ഞാൻ പറഞ്ഞു. ശരി ഞാൻ എണ്ണാം ഓക്കെ മേരി. 12345......... പെട്ടെന്ന് ലീനയുടെ ശബ്ദം. ഞാൻ നോക്കി. എല്ലാം ഇടത്തും നോക്കി, അവളെ കണ്ടില്ല. പിറ്റേദിവസം റോട്ടിൽ ഒരു ആൾ കൂട്ടം ഞാൻ നോക്കിയപ്പോൾ അവൾ അവിടെ മരിച്ചാ കിടക്കുകയായിരുന്നു. അവളുടെ പേരൻസിനെ അറിയിച്ച് അവളെ പള്ളിയിൽ അടക്കി. അവളുടെ കല്ലറയിൽ എന്നും രാവിലെ മെഴുകുതിരിയും പൂവു

ഞാൻ വെച്ച് പ്റാർത്ഥിക്കും. അവളുടെ ആത്മാവിന് ശാന്തികിട്ടട്ടേ .......

കാർത്തികാ വിനേഷ്.

STD-VII

---



***"THE WAY IS ALWAYS***

***OPEN***

***JUST CHASE YOU'R***

***DREAMS........"***

***- STAN LEE***

## *കുറുക്കനെ കുടുക്കിയ കോഴി*

**ബുദ്ധിമാനായിരുന്നു പാച്ചു പൂവൻ കോഴി. അവന്റെ വീട്ടിൽ കുറെ അംഗങ്ങൾ ഉണ്ടായിരുന്നു. ഒരു ദിവസ്സം അവൻ വീട്ടുമുറ്റത്തെ പറമ്പിൽ കൊത്തിപ്പെറുക്കാൻ എത്തിയതായിരുന്നു. അപ്പോൾഅവന് അവിടെ കിടന്നൊരു പടക്കം കിട്ടി. അവൻ അതു എടുത്തു വീട്ടിലേക്ക് നടന്നു. കുറച്ചു ദിവസങ്ങൾ കഴിഞ്ഞപ്പോൾ അതു വഴി സൂത്രക്കാരനായ ചെമ്പൻ കുറുക്കൻവന്നു.**

**"ഇവനെ ഒന്നു പറ്റിക്കണം."**

**പൂവൻ കോഴി തീരുമാനിച്ചു. പാച്ചു എന്തു ചെയ്യുന്നോ?... വീട്ടിലെ കുട്ടികൾ കളിക്കാൻ ഉപയോഗിക്കുന്ന ഒരു കോഴിക്കുഞ്ഞിന്റെ പാവയുണ്ടായിരുന്നു. അതിൽ പടക്കം തിരികി വെച്ചു എന്നിട്ടു അതെടുത്ത് കുറുക്കന് കൊടുത്തു. "കുറുക്കച്ചാരേ പനി പിടിച്ചു ചത്തു പോയ ഒരു കോഴിക്കുഞ്ഞാണിത്." നീ കൊണ്ടുപോയി ചുട്ടുതിന്നോ"... കുറുക്കന് സന്തോഷമായി. അതുമായി അവൻ വീട്ടിലേക്ക് ഓടി. അവൻ അത് നേരേ തീയിലേക്കിട്ടു. "ഠ".... പടക്കം പൊട്ടിത്തെറിച്ചു. ചെമ്പൻ കുറുക്കൻ പേടിച്ചു നാട് വിട്ടു. പിന്നെ ഒരിക്കിലും മടങ്ങി വന്നില്ല...**

## മഴച്ചൊല്ലുകൾ

1. മഴയില്ലേങ്കിൽ പുഴയുമില്ല...
2. മഴയില്ലെങ്കിൽ വഴി പെരുവഴി...
3. മഴക്കൊമ്പ്, പുഴക്കൊമ്പ്...
4. മഴക്കഴക് കുറവ്, മഴതരുമഴകിൻ നിറവ്...
5. മഴ താഴോട്ടില്ലെങ്കിൽ പുഴ കീഴോട്ട്...
6. മഴ പൊഴിഞ്ഞില്ലേൽ പുഴ കുഴിയും
7. മാരി കടമിടില്ല...
8. മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും...
9. മകരത്തിൽ മതിമറന്നു മഴ...
10. മേലാറ്റു കനിഞ്ഞാ ലേകീഴാറ്റു കവിയു...
11. മുച്ചങ്ങം,മച്ചിങ്ങ.ചെമ്മാനം കണ്ടാൽ അമ്മാനം മഴയില്ല..
12. മഴ വീണാൽ സഹിക്കാം. മാനം വീണാല്ലോ...
13. മീനത്തിലെ മഴയ്ക്ക് മീനിനും ഇരയില്ല...
14. കാർത്തിക വിളക്കു കണ്ടാൽ മഴ കിഴക്ക്...
15. കാർത്തിക കിഴിഞ്ഞാൽ കുട വേണ്ട...
16. ആയിരം. വേനലിന് അര മഴ...
17. ഇടവത്തിൽ പാതി വർഷം...
18. പൂയം പുതുക്കിപ്പുതുക്കി...
19. ഇടവപ്പാതി കഴഞ്ഞാൽ ഇടവഴിയിലും വെള്ളം...
20. പുരണമഴ പുളിപ്പിക്കും.......

---

# വിജയത്തിലേക്ക് നമ്മുടെ കേരളം

സുന്ദരമാ ഒരു കേരള ഭൂമി
മനോഹര ഭാഷയുമായി !
കതിപ്പിലെക്ക് ഒരു  കൈനീട്ടി
മനോഹരമാ കേരള പച്ചപ്പിൽ !
കരതേടുന്നെൻ കേരള ഭൂമി
രക്ഷയിലേക്കൊരു കൈനീട്ടം.

മലയാള നാടിൻ വെള്ളത്തിൻ
കേരളം ഇന്നൊരു കൈത്തുമ്പിൽ !
വീടുകലില്ല സ്ഥലങ്ങളില്ല
മനുഷ്യൻ ഇന്നൊരു കരയിൽമാത്രം !
ആഘോഷങ്ങൾ കളിചിരിയായി
കരയും ഇന്നൊരു കുഞ്ഞ് മനസ്സ് !
വേര് പ്പാടുകൽ എല്ലാം സഹിച്ച്
കരയുന്നൊരു കുഞ്ഞു മനസ്സ് .

പിന്നെ നമ്മൾ പലരേയും കണ്ടു
ഒളിച്ചിരുന്നൊരു കേരളം !
പിന്നെയും മലയാള ഭാഷതിരിച്ചെത്തി
നമ്മുടെ കേരളം വീണ്ടും പച്ചപ്പിൽ !
വീടുകളും എല്ലാ സ്ഥലങ്ങളും
തിരിച്ചെടുക്കാൻ മലയാളനാട്
സഹായിച്ചു..........

വന്ദന ഷാജി
Class: VII G.H.S.S Muttom

# പരിസ്ഥിതിപ്രാധാന്യമുള്ള

## ദിനങ്ങൾ

ജൂൺ 5 -ലോകപരിസ്ഥിതിദിനം
ജൂൺ 8 -ലോക സമുദ്രദിനം
ജൂൺ 20 -സൗരോർജദിനം
ജൂലൈ 11-ലോക ജനസംഖ്യദിനം
ജൂലൈ 21-ചാന്ദ്രദിനം
ജൂലൈ 26-അന്തർദേശിയ കണ്ടൽ ആവാസപരിരക്ഷണ ദിനം

ആഗസ്റ്റ് 6-ഹിരോഷിമദിനം
ആഗസ്റ്റ് 9-നാഗസാക്കിദിനം
ആഗസ്റ്റ് 17-കർഷകദിനം

സെപ്റ്റംബർ2-നാളികേരദിനം
സെപ്റ്റംബർ16-അന്തർദേശിയ ഓസോൺ ദിനം
സെപ്റ്റംബർ18-മുളദിനം
സെപ്റ്റംബർ27-വിനോദസഞ്ചാരദിനം

ഒക്ടോബർ2-ഗാന്ധിജയന്തി,വന്യജീവിവാരാരംഭം
ഒക്ടോബർ4-ലോകജന്തുക്ഷേമദിനം സംസ്ഥാനഗജ ദിനം
ഒക്ടോബർ16-ഭക്ഷ്യദിനം

നവംബർ12-ദേശിയ പക്ഷിനിരീക്ഷണദിനം
നവംബർ14-ശിശുദിനം
നവംബർ21-ലോക ഫിഷറീസ് ദിനം

ഡിസംബർ 3-ഭോപ്പാൽ ദിനം
ഡിസംബർ 5-ലോക മണ്ണുദിനം
ഡിസംബർ 11-അന്താരാഷ്ട്ര പർവതദിനം

ജനുവരി 26-റിപ്പബ്ലിക് ദിനം

ലോക പരിസ്ഥിതി വിദ്യാഭ്യാസ ദിനം

ഫെബ്രുവരി 2-ലോക തണ്ണീർത്തടദിനം

ഫെബ്രുവരി12-ഡാർവിൻ ദിനം

മാർച്ച് 21-സാർവദേശിയ വനസംരക്ഷണദിനം

മാർച്ച് 22-ലോകജലദിനം

മാർച്ച്23-ലോക കാലാവസ്ഥാദിനം

ഏപ്രിൽ22-ഭൗമദിനം

ഏപ്രിൽ27-തവളസംരക്ഷണദിനം

മെയ് 22-ജൈവവൈവിധ്യം

മെയ്29-എവറസ്റ്റ് ദിനം

മെയ് 31-ദേശാടനപ്പക്ഷിദിനം



**“DON’T THINK WHAT THEY HAVE**
**THINK WHAT WE HAVE............”**

**-ROBERT DOWENY.JR**

## അണിഞ്ഞ് ഒരുങ്ങുകയാണ്

## നമ്മുടെ കേരളം

ശക്തമായ പ്രളയത്തിനുശേഷം വെള്ളപ്പൊക്കത്തിലൂടെയും ഉരുൾപ്പൊട്ടലിലൂ
ടെയും കഠിനമായ വേദനാനുഭവിക്കപകയായിരുന്നു നമ്മുടെ കേരളം. ഇതെ തുടർന്ന് സർക്കാർ സ്കൂളുകളിലൂടെയാണ് ദുരിതാശ്വാസ ക്യാമ്പ് തുടങ്ങിയത്. അനേകം ജനങ്ങൾവെള്ളപ്പൊക്കത്തിലൂടെ താഴ്ന്ന പോവുകയും, അവർ മരിക്കുകയും ചെയ്യ്തു. വെള്ളപ്പൊക്കത്തിൽ അനേകം പേരെ മത്സ്യതൊഴിലാളികൾ രക്ഷപ്പെട്ടുത്തുകയും ചെയ്യുതു. വെ
ള്ളപ്പൊക്കം ഉണ്ടാവുമെന്ന് പേടിച്ച് മുതലാളിമാരും പാവപ്പെട്ട ജനങ്ങളും ദുരിതാശ്വാസ
ക്യാമ്പുകളിൽ ഏർപ്പെട്ടു. ഇനി വരുന്ന കേരളത്തെ ഒരു പുതിയ നാടായി രൂപപ്പെടുത്തു കയാണ് മനുഷ്യർ. ശക്തമായ പ്രളയത്തിലും വെള്ളപ്പൊക്കത്തിലും വയലുകൾ അനേകകൃഷികളും പാവപ്പെട്ടവന്റെ വീടുകളും രണ്ടുനിലകെട്ടിടങ്ങളും, വൃക്ഷങ്ങളും എന്തിന് കേരളം തന്നെ മാഞ്ഞുപോവുകയായിരുന്നു. ശക്തമായ പ്രളയത്തിലും, വെള്ളപ്പൊക്കത്തിലും മരിച്ചവർ അനേകം. അവർക്ക് ആത്മശാന്തി ലഭിക്കട്ടെ. ജാതിമത ഭേതമില്ലതെ പണക്കാർ പാവപ്പെട്ടവർ എന്നിങ്ങനെ ഇല്ലാതെ നമ്മളെ രക്ഷിച്ച മത്സ്യതൊഴിലാളികൾകേന്ദ്രസൈന്യകർ എന്നിവരൊക്കെ ചരിത്രത്താളുകളിൽ സുവർണ്ണലിപികളാല് എഴുതപ്പെട്ടവരാണ് നവകേരളത്തിൽ .

# മടിമാറി

മടിയനായ ഒരു കരടിക്കുട്ടനാണ് ബിക്കു.
ഒരു ദിവസം കുറേ മുയൽക്കുട്ടൻമാർ ബിക്കുവിന്റെ
അടുത്തുവന്നു പറഞ്ഞു.

"ചേട്ടാ, ഞങ്ങളുടെ മാളത്തിനു മുന്നിലേക്ക്
കുറേ മരച്ചില്ലകൾ വീണു. അതൊന്നു മാറ്റാൻ
സഹായിക്കണേ."

എന്നാൽ, മടിയനായ ബിക്കു അതു കേട്ട
ഭാവം കാണിച്ചില്ല. ഇതെല്ലാം മരക്കൊമ്പിലിരുന്ന
കാക്ക കാണുന്നുണ്ടായിരുന്നു. സൂത്റക്കാരിയായ
കാക്ക പറഞ്ഞു.

"നിങ്ങൾതന്നെ ആ മരച്ചില്ലകൾ എടുത്തുമാറ്റ്.
എന്നിട്ട്, ആ തേനും കുടിച്ചോളൂ."

തേൻ എന്നു കേട്ടതും ബിക്കു ചാടിയെഴുന്നേറ്റു.
"തേനെവിടെ?" ബിക്കു ചോദിച്ചു.
"മരച്ചില്ലകളുടെ അടിയിലാ."കാക്ക പറഞ്ഞു. ഇതു
കേൾക്കേണ്ട താമസം ബിക്കു ഓടിപോയി ചില്ലകൾ
എടുത്തുമാറ്റി പക്ഷേ, അതിനടിയിൽ തേൻ ഇല്ലായിരുന്നു.!

"അയ്യേ! തേനെവിടെ.?"

"മടിയനായ നിന്നെ എഴുന്നേൽപിക്കാൻ വെറുതെ
പറഞ്ഞതാ തേനിന്റെ കാര്യം. എന്തായാലും ജോലി
ചെയ്തു നിനക്ക് ഒരു സമ്മാനം ഉണ്ട്." കാക്ക ഒരു മാമ്പഴം
ബിക്കുവിന് കൊടുത്തു അവന് സന്തോഷമായി.

സന്ദീപ് സജീവ് Std IX

# മദ്യവും മയക്ക മരുന്നും ലേഖനം

മദ്യത്തിനും മയക്കമരുന്നിനും മനുഷ്യചരിത്രത്തോളം തന്നെ പഴക്കമുണ്ട് . ആദ്യമ മനുഷ്യൻ തൊട്ട് ആധുനിക യുഗത്തിലെ മനുഷ്യൻവരെ ലഹിരിക്കുവേണ്ടി മദ്യത്തിൻെറയും മയക്കമരുന്നിൻേറയും പിറകെ പോയിട്ടുണ്ട്. മണ്ണിൽ ജീവിക്കുന്ന മനുഷ്യൻ മണ്ണിൽനിന്നും അവനുലഭിക്കുന്ന നിരവധി വസ്തുക്കളെ അവൻെറ ഉമ്മാദത്തിനു വേണ്ടി ലഹരി വസ്തുക്കളായി മാറ്റി ആനന്ദം കണ്ടെത്തിയിട്ടുണ്ടെന്നാണ് ചരിത്രം പരിശോധിച്ചാൽ നമ്മുക്ക് മനസ്സിലാകുന്നത്.

ആദിമ മനുഷ്യൻ ഭൂമിയിൽ വളരുന്ന ചെടിക-ളോ അവയുടെ ഇലയോ, കായോ, പൂവോ മാറ്റയെടുത്ത് നാടൻ മദ്യംകണ്ടത്തിയപ്പോൾ ആധുനിക യുഗത്തിൽ മനുഷ്യൻ സ്പിരിറ്റിൽ പലവിധക്കൂട്ടുകളും ചേർത്ത് വിവിധ പേരിൽ അറിയപ്പെടുന്ന മധ്യത്തിൻെറ ഒരു നിരതന്നെ സൃഷ്ടിച്ചെടുത്തു . വീര്യം കുറഞ്ഞ ബിയർ തുടങ്ങി ബ്രാണ്ടിയും ,വിസ്കിയും, റമ്മും മറ്റുമായി നിരവധി ബ്രാൻറുൾ മാർക്കറ്റിൽ എത്തിയതോടെ അവയുടെ ഉപയോഗം ഒഴിച്ചുകൂടാനാവത്ത വിധത്തിലുള്ള ഒരു വൻ ജനസമൂഹം ലോകത്തിൽ ഉടലെടുത്തു . ലാഭക്കൊതിയമ്മാരായ മദ്യക്കച്ചവട-ക്കാരും റവന്യൂ വരുമാനത്തിൽ മാത്രം കണ്ണുവച്ച ഭരണാധികാരികളും മദ്യ-ത്തിൻെറ ഉപഭോഗംപ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു .ഒടുവിൽ ആകാത്തവണ്ണം മദ്യത്തോടുള്ള ആകാത്തവണ്ണം മദ്യത്തോടുള്ള ആ ശക്തിവലിയൊരു ജനവിഭഗത്തെ കീഴടക്കി. സകലതും മറന്ന് മദ്യത്തിൻെറ പിറകെയുള്ള പരക്കംപാച്ചിൽ എല്ലവിധ സദാചാര മൂല്യങ്ങളെയും തകർത്തെറിയുന്ന ദയനീയ കാഴ്ചയാണ് നാം ഇന്ന് കണ്ടിരിക്കുന്നത്.

ഇന്ത്യയിൽ ആളോഹരി മദ്യ ഉപഭോഗത്തിൽ

ഏറ്റവും മുൻപന്തിയിൽക്കുന്നത് ഇന്ത്യയിലെ തന്നെ ഒരു കൊച്ചു സംസ്ഥാനമായ കേരളമാണ്. ഇവിടെ അരിവാങ്ങുവാൻ

3000 കോടി രൂപ സർക്കർമുടക്കുമ്പോൾ മദ്യം വാങ്ങാൻ ജനങ്ങൾ മുടക്കുന്നത് 10000 കോടിരൂപയാണ്. കൗമാര പ്രയക്കാരായ സ്കൂൾ കുട്ടികളിൽകൂടി മദ്യപാനശക്തി ഏറിവരുന്ന ദയനീയ കാഴ്ചകൂടിയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്.

ഭരണാധികാരികൾ മദ്യത്തിൽനിന്നുള്ള റവന്യൂവരുമാനത്തിൽ മാത്രംകണ്ണുവയ്ക്കുമ്പോൾ , മദ്യപാനം മൂലം ഉണ്ടാകുന്ന കരൾ, ഹൃദയ,ശ്വാസകോശം,വൃക്ക രോഗങ്ങൾക്കും മറ്റു നിരവധി മാസിക പ്രശ്നങ്ങൾക്കും വേണ്ടിയിരുന്ന ചികിൽസക്ക് മുടക്കുന്ന കോടികളുടെ കണക്ക് ആരും ശ്രദ്ധിക്കുന്നില്ല.മദ്യപാനം മൂലം ഉണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങളും ,കുടുംബ തകർച്ച ,തൊഴിൽ നഷ്ടംഇവയൊന്നുംഔദ്യോഗികകണക്കിൽപ്പെടുത്തുന്നില്ല .മദ്യപാനം മൂലം ഉണ്ടാകുന്ന സാമൂഹ്യപ്രശ്നങ്ങൾ കേരളത്തിൻെറ സാംസ്കാരിക അധഃപതനത്തി-ന് വലിയ ഒരു അളവ് വരെ കാരണമായിറ്റുണ്ട്.

കൊള്ളയും, കൊലയും കുടുംബ ബന്ധങ്ങളിൽ വന്നിട്ടുള്ള മൂല്യച്യുതിയും എല്ലാം വിരൽ ചൂണ്ടുന്നത് അതിൻെറ പിറകെ ഒരുവില്ലൻ മദ്യം തന്നെയാണെന്നാണ്. ഗാന്ധിജി ഒരിക്കൽ അഭിപ്രായപ്പെട്ടതു-പോലെ മദ്യത്തിൻെറ ലഭ്യത ഇല്ലാതാകേണ്ടിയിരിക്കുന്നു. ധർമിക അധഃപതനത്തിൻെറ ലക്ഷണമായിട്ടാണ് ഭാരതീയർ മദ്യപാനത്തെ എല്ലാകാത്തും ഉപേക്ഷിച്ചിറ്റുള്ളത്. കേരളീയരുടെ ആരോഗ്യനില വികസിത രാജ്യങ്ങളി-

ലെ ജനങ്ങൾക്കൊപ്പമാണെന്ന് നാം അഭിമാനിക്കാറണ്ട്. ആയുർദൈർഘ്യം കൂടിയതും. ശിശുമരണ നിരക്ക് കുറഞ്ഞതുമൊക്കെയാണ് നാം അതിന്

കാരണമായി ചൂണ്ടി കാണിക്കുന്നത്. എന്നാൽ ലോകാരോഗ്യസംഘടന ആരോഗ്യ നിലയെക്കുറിച്ച് പരിഗണിക്കുന്നത് മറ്റുചില വസ്തുക്കളുടെ അടിസ്ഥാ

നത്തിലാണ് . മാനസിക , ശാരീരിക ,സാമൂഹികമായ നല്ല അവസ്ഥയ്ക്കാണ് ലോകാരോഗ്യ സംഘടന ആരോഗ്യം എന്ന് നിർവചിക്കുന്നത്

ഗാന്ധിപറഞ്ഞിരിക്കുന്നത് മദ്യവുംമയക്കുമരുന്നുകളും

പിശാചിൻെറ രണ്ടുകൈകളാണ് അവ മനുഷ്യൻെറ ആത്മാവിനെ കൊട്ടുക്കുകയും മൃഗങ്ങളാക്കാൻ താഴ്ന്ന നിലയിലേക്ക് അവനെ അധഃപതിപ്പിക്കുകയും ചെയ്യും. മനുഷ്യ വർഗ്ഗത്തിനുമേൽ പതിച്ചിറിക്കുന്ന ഏറ്റവും വലിയ ശാപമാണ് മദ്യം. മദ്യത്തിന്റെയും ലഹരി പദാർത്ഥങ്ങളുടേയും ഇരകളായിനാം തുടരുകയാണെങ്കിൽ നമ്മുടെ സ്വാതന്ത്ര്യമായിരിക്കും....

**നന്ദന.കെ.എ** **std – 9**

## ഒരു കൈ നൽകാം കേരളത്തിന്

ഇന്ന് നമ്മുടെ കേരളം വളരെ ദുരിതത്തിലാണ് ആ അവസ്ഥ മാറണം. ഇപ്പോൾ കേരളത്തിൽനടക്കുന്നത് അതിക്രമങ്ങളും പരിസ്ഥിതി നശീകരണവുമാണ്. മരങ്ങളെല്ലാം വെട്ടിനശിപ്പിക്കുക, നെൽപ്പാടങ്ങൾ നികത്തൽ, ഭൂമിക്ക് താങ്ങാൻ പറ്റാത്ത കെട്ടിടങ്ങൾ നിർമ്മിക്കൽ എന്നി
നിർത്തലാക്കണം. ഇവയെല്ലാം ഭൂമിയെ നശിപ്പിക്കുകയാണ്. പ്രകൃതിക്ക് ദോഷം വരുന്നവയാണ്. കേരളം തകരുന്ന അവസ്ഥയിലേക്ക് ഇത് എത്തിക്കുന്നു.

ഇന്നത്തെ തലമുറകൾ മദ്യത്തിനും, മയക്കുമരുന്നിനും അടിമകളാണ്. കേരളത്തെ ഇത് ദുരിതത്തിലേക്ക് കൊണ്ടു പോകുന്നു. മദ്യം നിർത്തലാക്കുക. ഇത് ഉപയോഗിക്കുന്നവരെ ബോദവത്കരിക്കുക. കേരളം ഒരു സമധാനത്തിന്റെ നാട് എന്ന് അറിയപ്പെടണം.

പ്രകൃതിയെ കാത്തുസൂക്ഷിച്ചാൽ കേരളത്തെ കാത്തുസൂക്ഷിക്കുന്നതിന് തുല്യമാണ്. അതിനാൽ പ്രകൃതിക്ക് ചേർന്നതു മാത്രം ചെയ്യുക. മരങ്ങൾ നട്ടുവളർത്തു. മരങ്ങൾ വെട്ടികളയാതിരിക്കുക. പാടങ്ങൾ നികത്താതിരിക്കുക. കുന്ന് ഇടിച്ചു നികത്താതിരിക്കുക. കുളങ്ങൾ നികത്തരുത്. പ്രകൃതിയെ സംരക്ഷിക്കുക. അവയുള്ള എളുപ്പ മാർഗ്ഗങ്ങലാണ് ഇവ. ഇവ ഏറ്റവും ലളിതമാണ്.

പ്രകൃതിക്കും അതുപോലെ കേരളത്തിനും ഏറ്റവും വലിയ വില്ലനായിമറിയിരിക്കുന്ന ഒന്നായി മാറിയിരിക്കുകയാണ് പ്ലാസ്റ്റിക്ക്. ഏതു സാധനം വാങ്ങിയാലും അത് പ്ലാസ്റ്റിക് കവറിലോ അല്ലെങ്കിൽപ്ലാസ്റ്റിക് കുപ്പിയിലോ ലഭിക്കുന്നത്.പ്ലാസ്റ്റിക് നിരോധിച്ചാൽ കേരളത്തോടൊപ്പം ലോകവുമാണ്കേരളതത്തിലെസ്ത്രീപീഢന അനുഭവിച്ചുകണ്ടരിക്കുകയാണ്.ഈ പ്രശ്നം പരിഹരിച്ചാൽ കേരളം പകുതി ശുദ്ധിലഭിച്ചു. സ്ത്രീകൾക്കും പുരുഷൻമാർക്കും തുല്യ അവകാശം നൽകണം. ഈ കേരളത്തിൽ വിവേചനങ്ങൾ നിർത്തലാക്കുക. കുറ്റങ്ങൾ ചെയ്യാതിരിക്കുക അപ്പോൾ കേരളം സമാധാനമായിത്തീരും.

"ഇതൊന്നും അല്ലാ നമ്മുക്കു വേണ്ടകേരളം"

ഒരു പുതിയ കേരളം. ഗാന്ധിജി നമ്മുക്കു തന്ന കേരളം. പുതിയ ഒരു കേരളത്തെ വാർത്തെടുക്കണം. പരിസ്ഥിതി പ്രശ്നങ്ങൾ പരിഹരിക്കുക.

മദ്യപാനം, മയക്കുമരുന്നുകൾ എന്നിവ ഒഴിവാക്കുക. ബാറുകൾ, കള്ളുഷാപ്പുകൾ എന്നിവ നിരോധിക്കുക. പ്ലാസ്റ്റിക് നിരോധിക്കുക. പ്ലാസ്റ്റിക് കവറുകളും, കുപ്പികളും ഉപേക്ഷിക്കുക. അതിനു പകരം തുണിസഞ്ചികൾ ഉപയോഗിക്കു.പുഴകളും, തോട്ടുകളും വരും തലമുറയ്ക്ക് ബാക്കിയായി വെയ്യേണ്ടതാണ്.പാടങ്ങളും, കുളങ്ങളും, ചെറുകാട്ടുകളും എല്ലാം നമ്മുടെ കേരളത്തിന്റെ പൈതൃക സമ്പത്താണ് അത് നിലനിർത്താൻ നാം ശ്രമിക്കണം...........................

സജിയ സി.ബി

**Div: A std:x**

# ലഹരി വർജ്ജനം

ആരോഗ്യത്തിനും
ജീവനും ഭീക്ഷണി
യായ ലഹരി വസ്തു
ക്കൾ ഉപയോഗിക്കാ
തിരിക്കുക.

ആരോഗ്യത്തിന്
ദോഷമായ
ലഹരിവസ്തു
ക്കൾ ഉപയോഗിക്കതിരി
ക്കുക.

ആരോഗ്യത്തിനും
ജീവനും ഭീക്ഷണി
യായ ലഹരി വസ്തു
ക്കൾ ഉപയോഗിക്കാ
തിരിക്കുക.

# എന്റെ ചേച്ചി

കൊച്ചനുജന്റെയാ  ചേച്ചിപോലെ
എനിക്കൊരു ചേച്ചിയില്ലാതെപോയി
അമ്മയെപ്പോലെ  കരുതുവാനും
കൂടെ ഓടിച്ചാടി കളിക്കുവാനും
എനിക്കൊരു ചേച്ചിയില്ലാത്തതിനാൽ
ആകെ വിഷമമാണെൻ മനസ്സിൽ
സ്കൂളിൽ കൊണ്ടുപോയ് വിടുന്നതിനും
അക്ഷരങ്ങൾ  പഠിപ്പിക്കാനും
ഭക്ഷണം വാരിത്തരുവുവാനും
അമ്പിളിമാമനെ കാട്ടാനും എനിക്കൊരു-
ചേച്ചിയില്ലാതെ പോയി
പുതുകളികൾ പഠിപ്പിക്കാനും
ആറ്റിൽ ചാടി കളിക്കുവാനും
തെറ്റുകൾ തിരുത്തിത്തരുന്നതിനും-
എനിക്കൊരു ചേച്ചിയില്ലാതെ പോയി.

**Sanjay  Sunish**

# ലഹരി വർജ്ജനം

## കഥ

ഒരിടത്ത് ഒരു മദ്യപാനിയുണ്ടയിരുന്നു. ആമദ്യപാനിയ്ക്ക് ഭാര്യയും രണ്ട് കുട്ടികളും ഉണ്ടയിരുന്നു. ആ കുടുമ്പം വളരെ കഷ്ടത്തിലായിരുന്നു. അയാൾ ജോലിക്ക് പോകില്ലായിരുന്നു. അയാൾ മദ്യപിച്ച് ഭാര്യയെയും മക്കളെയുംചീത്തപറയുകയുംഉപദ്രവിക്കുകയുംചെയ്യുമായിരുന്നു. ഒരു ദിവസം അയാൾ തലകറങ്ങി വീണു. അന്നേരം നാട്ടുകാർ ആശുപത്രിയിൽ എത്തിച്ചു. അപ്പോൾ ഭാര്യയും മക്കളുംവളരെ വിഷമിച്ചു. ഡോക്ടർ അയാളോട്ടും ഭാര്യയോട്ടും മക്കളോട്ടും കുടിപറഞ്ഞു. “മാരകമായുള്ള അസുഖമാണ് ഉള്ളത്. നിങ്ങൾ മദ്യപാനംനിർത്തിയില്ലെങ്കൽ മരണമായിരിക്കും നിങ്ങളുടെ വിധി. ഡോക്ടർപറഞ്ഞത് അയാൾ കാര്യമാക്കിയില്ല.പിന്നെയും  പിന്നെയും അയാൾകുടിക്കാൻ തുടങ്ങി. അയാൾ അവശതയിലായി മാറി.  അന്നാലും അയാൾ കുടി നിർത്തിയില്ല. ഒരു ദിവസം അയാൾ പൂർണമായിം അവശയിലായി  അങ്ങനെ  ഹോസ്പിറ്റലിൽ  അയാൾ അഡ്മിറ്റായി.പിന്നെ പിന്നെ  അയാൾ കുടിനിർത്തി.  ആ മാരകമായ  അസുഖംകുറഞ്ഞു കൊണ്ടിരുന്നു.  ഭാര്യയ്ക്കും  മക്കൾക്കും സന്തോഷമായികുടി നിർത്തിയത്. അയാൾക്കും ഇപ്പോൾ മദ്യ പാനം ഇഷ്ടമല്ലാതെയായി മാറി. അയാൾ ഒരു നല്ല മനുഷ്യനായിമാറി. മദ്യപാനം ആരോഗ്യഇതിൽ നിന്ന് മനസ്സിലാകുന്നത് മദ്യപാനം ആരോഗ്യത്തിന്
കാരണമാകുന്നതിന് മനുഷ്യനെ നശിപ്പിക്കുവെന്നും മരകമായ അസുഖങ്ങൾ

പിടിപ്പെട്ടുതയും  ചെയ്യുന്നു

സജിയ സി.ബി

## മലയാളം എന്നുകേട്ടാൽ ANJALY

പുണ്യ മലയാളം ഭാഷ നമ്മുക്കായി
മടിയേന്തി നന്നൊരു പുണ്യ ദേഷം
കേരനിരകൾ നീങ്ങി നിറഞ്ഞൊരു
കേളിക്കൊട്ടുയരുന്നു ധന്യദേഷം.
മലയാളി ഹ്രദയങ്ങൾ അഭിമാനപൂർണ്ണമായ്
പാടുന്നു സുന്ദര കേരളമേ............

പരശുരാമൻ തന്റെ മഴുവാൽ
തീർത്തതാണി കേരളമെന്ന് ഐതീഹ്യം
ഹിന്ദുവും ക്രിതൃനും ഇസ്ലാമു
വെല്ലാം ഒരു കുര കീഴിലായ്
വാണിരുന്നു.
എന്നാലതെല്ലാം മാറാല ചേർന്നു.
പഴമയ്ക്ക പാത്രമായ് മാറിനിന്നു.

ഈ കാഴ്ച്ചകണ്ടു മനംനൊന്നു വീണൊരു
തുള്ളിയായി പേമാരിയായി മാറി.
സംഹാരതാണ്ഡവമാടിയവൾ.
ആ സംസ്കാര വീടിക്കൊരുന്ത്യമേകി.
ജാതി മതം മാത്രം ഭേതവുമില്ലാതെ
കൈകോർത്തു നിന്നു കേളീയർ.
തിരമാലകളെ പിന്നോട്ടു നീക്കി നിന്നു.

പല പലനാട്ടുകൾ പലപലദേശങ്ങൾ
കൈക്കുമ്പിനുള്ളിൽചേർത്തുവെച്ചു.
എന്നാലുമെങ്കിലും മതഭാന്ത്രിൻ
ചൂരിൽ കൊമ്പുകൾ കോർക്കുന്നു.
മനുഷത്വവും
ശാസ്ത്രവും സാക്ഷി മനുഷത്വവും
സാക്ഷി ഭരണകൂടങ്ങളും എന്നും
സാക്ഷി.......

---

## (കഥ)

# _സ്വപ്നങ്ങൾ തകർത്ത _ലഹരി _പദാർഥങ്ങൾ

പട്ടിണിയുടെയും ഭാരിദ്ര്യത്തിൻെറയും നടുവിലേക്ക-
ണ് അവൻ ജനിച്ചത്. തൻെറ മകൽ നിന്ന്
തൻെറ ജീവിതം കരകയറ്റാം എന്ന് അവൻെറ
മാതാപിതാക്കൾ ആഗ്രഹിച്ചിരുന്നു. അവർ തങ്ങളു-
ടെ പൊന്നോമ്മനയ്ക്ക് ആരോമൽ എന്നു പേരിട്ടു
വിലിച്ചു. ആരോമൽ വളർന്നു വരുന്നതു മുതൽ
അവൻെറ അമ്മ മകനെ ഒരു നല്ല സ്വഭാവശൈലി-
യുളളവനാക്കി വളർത്തി. നേർവഴിയിലൂടെ നടത്തി.
അവൻ വളരുമ്പോഴെല്ലാം അവൻ അമ്മയോടു
പറയും ഞാൻ പഠിച്ച് വലിയ നിലയിൽ എത്തു-
മ്പോൾ അമ്മയ്ക്ക് ഇങ്ങനെ കഷ്ടപ്പെട്ട് ജീവിക്കുന്ന-
തിൻെറ ആവശ്യം വരില്ല. ഞാൻ ഉറപ്പയിടട്ടും നമ്മുടെ
ഈ ദുരിതാവസ്ഥയിൽ നിന്ന് മോചനം നേടും .
മകൻെറ വാക്കുകൾ സാധിക്കാൻ അമ്മയും അച്ഛനം
ആഗ്രഹിച്ചിരുന്നു. മകൻ വർഷങ്ങൾ കഴിയും തോറും പുതിയ പുതിയ അറിവുകളിൽ നേടിയും പുതിയ
സൗഹൃദങ്ങൾ ഉടലെടുക്കുകയും ചെയ്തു.
മകൻെറ പഠനത്തിനാവശ്യമായ സാധനത്തിനും
പണത്തിനുമായി ഓടിനടനന്ന് കഷ്ട്പ്പെട്ട ആരോമ-
ലിൻെറ മാതാപിതാക്കൾക്ക് തൻെറ മകൻ സഞ്ച-
രിക്കുന്ന പാത നല്ലതാണോയെന്ന് ശ്രദ്ധിക്കാൻ
കഴിഞ്ഞിരുന്നില്ല. അവൻെറ കൂട്ടുകാരുടെ കൂടെ
നടന്ന് പഠനം ഉപേക്ഷിച്ചു. അവൻെറ സുഹൃത്തു-
ക്കൾ കളളം പറഞ്ഞും മറ്റും അവനെ കൊണ്ട്
ജീവനാപത്തായ ലഹരിപദാർഥങ്ങൾ ഉപയോഹഗി-
ക്കാൻ പ്രേരിപ്പിച്ചു. അവരുടെ നിർബന്ധത്തിനുവഴങ്ങി
അവൻ അത് സ്വീകരിച്ചു. പിന്നീട് ഇതിന്റെ ഉപയോഗം
കൂടുതൽ ആയപ്പോൾ അവൻ മാരഗമായ രോഗങ്ങൾ
പിടിപ്പെട്ടു. തന്റെ മകന്റെ അവസ്ഥ കണ്ട് ആ അച്ഛ
ന്മമ്മാർ സങ്കടപ്പെട്ടു. തന്റെ മാതാപിതാക്കാൾ തന്നെ
കുറിച്ച് ഓർത്ത് വിഷമിക്കുന്നതു കണ്ട് അവൻ തകർന്നു. ആ രോഗാവസ്ഥയിൽ കിടന്ന് അവൻ പണ്ട്
മനസ്സിൽ കൊണ്ട് നടന്ന ആഗ്രഹങ്ങളും സ്വനങ്ങളും
ഓർത്ത് കരഞ്ഞു. തന്റെ ജീവിതത്തിൽ നാശം
കുറിച്ച് ഓർത്ത് വിഷമിക്കുന്നതു കണ്ട് അവൻ തകർന്നു. ആ രോഗാവസ്ഥയിൽ കിടന്ന് അവൻ
പണ്ട്
മനസ്സിൽ കൊണ്ട് നടന്ന ആഗ്രഹങ്ങളും സ്വനങ്ങളും
ഓർത്ത് കരഞ്ഞു. തന്റെ ജീവിതത്തിൽ നാശം
ഉണ്ടാക്കിത് തെറ്റായ സ്വഹൃദവും ലഹരി പദാർത്ഥങ്ങൾ

ആണെന്നും അവൻ മനസ്സിലാക്കി. തന്റെ മാതാപിതാക്കളുടെ തന്റെയും സ്വപ്നവും തകർത്തത്

മനുഷ്യജീവിത്തിൽ ഭീക്ഷിണിയായ ലഹരി പദാർത്ഥങ്ങൾ ആണെന്ന അവന് ബോധ്യമായി.

**MEENU MOHANAN**
**STD:IX DIV: A**




**DON'T WASTE YOU'R TIME WITH EXPLANATION, PEOPLE ONLY HEAR WHAT THEY WANT………………**

**-PAULO COYLO**

# കേരളം

## [ഉപന്യാസം]

വിഷയം. പ്റളയ ദുരന്തത്തിൽ നിന്നും നഷ്ട്പ്പെട്ടുപോയ കേരളത്തെ എങ്ങനെ പുതുതായ് നിർമിക്കാം.

നവംബർ 1 കേരളപ്പിറവി ദിനം 14 ജില്ലകളും രൂപം കൊണ്ടനാൾ. ഈ ദിനം എല്ലാവർക്കും പരിചിതമാണ്. വള്ളംകളിയുടേയും കൊയ്ത്ത് ഉൽസവങ്ങളുടേയും നാട്. കേളികോട്ടുയരുന്ന നാട്. വിശ്വാസങ്ങളും മതാചാരങ്ങളും നിലനിൽക്കുന്ന നാട്. "കേരളത്തുമൊഴിയെന്നുകേട്ടാൽ " വള്ളത്തോളും കുഞ്ഞുണ്ണിമാഷും പാടി പുകഴ് ത്തിയനാട് നമ്മുടെ
 കേരളം . കേരളത്തിന്റെ സുന്ദരമായ കഴ് ചകൾ. കേരവൃക്ഷങ്ങൾ
 നിലനിൽക്കുന്ന നാട് കേരളം. ഒരു പാട്ടുണ്ട് കേരളത്തെകുറിച്ച്
 വിവരിക്കാൻ .
 പക്ഷെ ഇന്ന് ഈനാടിന് പ്റളയം നേരിടേണ്ടിവന്നു ഉരുൾ പൊട്ടലും വെള്ളപ്പൊക്കവും മണ്ണിടിച്ചിലും നമ്മുടെ കൊച്ചുകേരളത്തെ തകർത്തു പലർക്കും. വീടുകളും ആളുകളെയും

നഷടപ്പെട്ടു. നാട്ടിൽ ഒരു പ്‌റശ്‌ നങ്ങൾ ദുരന്തം എന്നിവയൊക്കെ

നേരിടേണ്ടിവന്നു. മതത്തിനുമേൽതമ്മിത്തല്ലാതെ ഹിന്ദുവും, മുസ്ലീ

മും, ക്രിസ്ത്യനും ഒന്നായി.
നാടിന് വേണ്ടി രാവും പകലും കഷ്ടപ്പെട്ട നാട്ടുകാർ
അല്ലെങ്കിൽ സേവനക്കാർ എല്ലാവരും നമ്മുടെ നാടിനെ
തിരിച്ച് കൊണ്ടുവരാൻ പ്രയത്നിച്ചു.
നമ്മുടെ നാടിന്റെ സംരക്ഷണത്തിനായി നമ്മുക്ക് പ്ലാസ്റ്റിക്
വിമുക്തമാക്കി മാറ്റാൻ കഴിയുന്നു.
ഭക്ഷ്യയോഗ്യമായ വസ്തുക്കൾ നട്ടുപിപടിപ്പിക്കാൻ സാധിക്കുന്നു.
പിന്നീട് ക്ലീനിംഗ് നടത്താൻ സാധിക്കുന്ന വീടും,
പരിസരവും വൃത്തിയാക്കി സൂക്ഷിക്കാൻ സാദിക്കുന്നു അങ്ങനെ
നമ്മുക്ക് നമ്മുടെ കേരളത്തെ പുതിയതായിട്ട്
നിർമ്മിക്കാൻ കഴിയുന്നു. നല്ലൊരു നാളേയ്ക്ക് വേണ്ടി ഇന്ന്
തന്നെ തുടങ്ങാം പുതിയൊരു കേരളം കെട്ടിപ്പെട്ട
ത്താം.

സുന്ദരകേരളം നമ്മുടെ നാട്............

**Alaka c gireesh**

# അപ്പുവിന്റെ
# അവധിക്കാലം

ഒരിടത്തൊരിടത്ത് ഒരു ചെറിയ ബാലകൻഉണ്ടായിരുന്നു.ആ ബാലകന്റെ പേരാണ് അപ്പു.അപ്പുവിന്റെ
അചഛന് വനത്തിൽ ഫോറസറ്റുദ്യോഗമായിരുന്നു.
അങ്ങനെ അപ്പുവിന്റെ ഒരു വെക്കേഷന് അപ്പുവും അമ്മയും അച്ഛന്റെ കൂടെ വനത്തിലേക്കാണ് പോയത്. അങ്ങനെ അവർ അവിടെ ചെന്ന് ഒന്ന് രണ്ട് ദിവസം
കഴിഞ്ഞപ്പോൾ അപ്പു അച്ഛന്റെ കൂടെ വനം ചുറ്റിക്കാണാൻ
പോയി. അങ്ങനെ വനത്തിലൂടെ നടക്കുന്നതിനിടയിൽ
അപ്പു ആരോ കരയുന്ന ശബ്ദം കേട്ട സ്ഥലത്തേക്ക്
ഓടിച്ചെന്നു. അപ്പോൾ ഒരു ആനക്കുട്ടി കുഴിയിൽ
നിന്ന് പുറത്തുവരാൻ പ്റയാസപ്പെടുകയായിരുന്നു.
അതുകണ്ടപ്പോൾ അപ്പുവിന് സങ്കടം തോന്നി.പെട്ടെന്ന്
അപ്പു അച്ഛനോട് പറഞ്ഞു. "അച്ഛാ പെട്ടെന്ന് ആ
ആനക്കുട്ടിയേ കുഴിയിൽ നിന്ന് രക്ഷിക്ക് ".അങ്ങനെ അപ്പുവിന്റെ അച്ഛനും കൂടെ ഉണ്ടായിരുന്ന
ആളുകളും ചേർന്ന് ആനക്കുട്ടിയെ കുഴിയിൽ നിന്ന് പുറത്തെടുത്തു.
ആനക്കുട്ടിയെ പുറത്തു കൊണ്ടുവന്നപ്പോൾഅപ്പുവിന്
സന്തോഷമായി.ആനക്കുട്ടി പുറത്തുവന്ന ഉടനെ അത്
വനത്തിനകത്തേക്ക് ഓടിക്കയറി. അപ്പോൾ അച്ഛൻ
അപ്പുവിനോട് പറഞ്ഞു.അപ്പു ഇനി ആആനക്കുട്ടിക്ക്
ഒരു കുഴപ്പവും ഇല്ല. അത് ഓടിപ്പൊയ്ക്കോളും.നേരം
ഇരുട്ടാറായി .നമുക്ക് തിരികെ വീട്ടിലേക്ക് പോകാം. വീട്ടിൽ
അമ്മ തന്നെയല്ലേ ഉള്ളൂ. അങ്ങനെ അവർ വീട്ടിലേത്തി.
വീട്ടിൽ എത്തിയ ഉടൻ അപ്പു കാട്ടിൽ കണ്ട കാര്യങ്ങളെല്ലാം അമ്മയോട് പറഞ്ഞു.അതുപോലെ

തന്നെ അടുത്ത ദിവസവും അപ്പു അച്ഛന്റെ കൂടെ വനം
കാണാൻ ഇറങ്ങി. അന്ന് കുറേ മൃഗങ്ങളേയും പക്ഷികളേ, പൂക്കളും അവൻ കണ്ടാസ്വദിച്ചു. അവയെല്ലാം കണ്ടപ്പോൾ അപ്പുവിന് സന്തോഷമായി. അങ്ങനെ ഒരു വൈകുന്നേരം അപ്പു അച്ഛനോട്

പ്രവീൺ ബാബു
Std:VII

# കവിത

## ലഹരി എന്ന വിഷം

**ലഹരിതൻ പിടിയൽ അമരുന്നു മനുഷ്യർ നാം**
**അറിയാതെ കുടിക്കുന്നതിനു തെറ്റില്ല എന്ന് പറയുന്നു**
**എന്നാൽ അറിഞ്ഞു കുടിക്കുന്നതു തെറ്റ്തന്നെ**
**രോഗത്തെ അറിഞ്ഞു വരുത്തുന്നു മനുഷർ.**
**ഈ കനലിൽ എരിഞ്ഞു തീരുന്നു ജീവൻ**
**ഓർമയുണ്ടോ മനുഷ്യാ അറിന്നു വോ നീ**
**രോഗ പീഡക്കുളളിലെരിയുന്നു നിൻ ജീവൻ**
**ജീവിതം തന്നെ പൊഴിയുന്നു മനുഷ്യാ ജീവൻ**
**തുളുമ്പിത്തെറിച്ചുടൻപായുന്നു**

**ലഹരി എന്നാൽ ജീവനെ കെടുത്തും കാലൻ**
**മരണമെന്നാൽ ജീവിതത്തിൻെറ കാലൻ.**
**മരിച്ചു ജിവിക്കാൻ ഇഷ്ടം മല്ലെങ്കിൽ ഉണർന്നു**
**പ്രവർത്തിക്കു. ലഹരിയെ നിർത്തു തുരത്തു.**

ചന്ദന രഘു.
**Std-7**

# അമ്മ

ഒരു ഹോട്ടൽ. അവിടുത്തെ മനേജറിന്റെ കീഴിൽ ജോലി ചെയ്യുന്ന പാവം പീലി. അങ്ങനെ ഒരിക്കൽ പീലിയുടെ വീട്ടിൽ ഭക്ഷണം ഉണ്ടാകാൻ സാധനങ്ങൾ ഒന്നും ഇല്ലായിരുന്നു. അപ്പോൾ അവന്റെ അമ്മ അവനെ ഭക്ഷണം വാങ്ങാൻ ചന്തയിലേക്ക് വിട്ടു അവന് ചെറിയ ഒരു വട്ട് ഉണ്ടായിരുന്നു. അവൻ ഹോട്ടലിൽ ചെന്നപ്പോൾ ഹോട്ടലിലെ ആൾ പറഞ്ഞു '"നി ചെന്ന് ആ പാത്്റം ഒക്കെ ഒന്ന് തെച് വേക്ക് "

അവൻ അത് തെച്ച് വേക്കാൻ പോയി അത് .ബീരിയാണി ചെമ്പ് ആയിരിന്നു. അവന് ശരിക്കും വിശക്കുന്നുണ്ടായിരുന്നു അവൻ അതിൽ ഉണ്ടായിരുന്ന ഇത്തിരി ബിരിയാണി അവൻ കഴിക്കനായി ഒരുങ്ങി പക്ഷേ അവന്റെ വീട്ടിൽ ആരും ഒന്നും കഴിച്ചില്ല അതുകൊണ്ട് അവനും അത് കഴിച്ചില്ല അവൻ അത് കഴുകി വച്ച് അവിടെ ചെന്നപ്പോൾ മനേജർ പറഞ്ഞു " ആ ചോറ് നീ കഴിച്ചോ"

അവൻ പറഞ്ഞു

'' എനിക്ക് വേണ്ട "

"അത് എന്നാ...."


"എന്റെ വിട്ടിൽ ആരും ഭക്ഷണം കഴിച്ചട്ടില്ല .അവർ കഴിക്കാതെ ഞാൻ എങ്ങനെ കഴിതെ ഞാൻ എങ്ങാനെ കഴിക്കും"

ഈ ചോറ് ഞാൻ വീട്ടിലേക്ക് സാധനം മേടിക്കുന്ന വഴിക്കൊണ്ടുപ്പൊയക്കോളും,

അവൻ അത് വേഗം വീട്ടിലേക്ക് വേഗം കൊണ്ടുപോയി...വീട്ടിൽ എത്തിയ അവൻ സാവദാനമാണ് വീട്ടിലേക്ക് കയറിയത്.കാരണം വീടിന്റെ നടവാതിലിൽ അവന്റെ അമ്മ ഇരുപ്പുണ്ടായിരുന്നു, അവനെ കണ്ടപ്പാടെ ആ അമ്മ എഴു ന്നേറ്റിട്ട് അവനെ വഴക്കുപ്പറയാൻ തുടങ്ങി. കൂടെ അവനോട് നാശപിടിച്ചനീ എവിടെ ചത്തു കിടക്കുകയായിരുന്നു എന്നും ചോദിച്ചു. വഴക്കുകേട്ട ശേഷംഒന്നും പ്രതികരിക്കാതെ വീടിന്റെ ഉള്ളിലേക്ക് കയറിപ്പോയി. എന്നിട്ട് അവൻ കൊണ്ടുവന്ന ചോറു തുറന്നു കഴിക്കാൻ തുടങ്ങി. അപ്പോൾ അവന്റെ അമ്മ വന്ന് ആ പാത്രം വലിച്ചെറിഞ്ഞു. എന്നിട്ട് പറഞ്ഞു. നീ അച്ഛൻ കൊണ്ടുവന്ന ബീരിയാണി കഴിച്ചാമതി .എന്നു പറഞ്ഞു...... അവൻ അവിടെയിരുന്ന വെള്ളം കുടിച്ചു. അവൻ സങ്കടത്താൽ മുറ്റ്റത്തുപോയി കിടന്നു. അവന്റെ അമ്മ അ

വന്റെ അടുത്തുചെന്നിട്ട് . ഇങ്ങനെ പറഞ്ഞു. മോനെ , ഞാൻ നിന്നോടു പ റഞ്ഞതുകേട്ട് സങ്കടം വന്നോ നിനക്ക് , നീ വരാൻ വൈ കിയതു കൊണ്ടാ വഴക്കുപറഞ്ഞത്...സോറിട്ടോ....

അപ്പോൾ മകൻ അമ്മെ ഞാൻ അമ്മയെ സ്നേഹത്തോടെ അമ്മെ എന്നു വിളിച്ചോട്ടെ..........................................



**“Failing is the**
**opportunity**
**To begin againg**
**More inteligently……..”**
**- Henry ford**

# വഞ്ചിപ്പാട്ട്

**കെ.ആർ.അജിതകുമാരി**

## പ്രളയം

**സംസ്കൃതം ടീച്ചർ**

തകതെയ് തെയ് തോം
മുല്ലപ്പെരിയാറും പിന്നെ ഇടുക്കിയും ചെറുതോണീം
ഡാമുകൾ മുപ്പത്തിമൂന്നും തുറന്നു വിട്ടു.

ഓ തിത്തിത്താരാ.............................................................

വീട്ടുകളും കടകളും  ജനങ്ങളും മൃഗങ്ങളും
കൃഷിയിടങ്ങളുമെല്ലാം താറുമാറായി.

ഓ തിത്തിത്താരാ.............................................................

റോഡുകളും തോട്ടുകളും കുളങ്ങളും പാടങ്ങളും
കടലുപോൽ പരന്നങ്ങു കിടപ്പതായി.

ഓ തിത്തിത്താരാ.............................................................

പെരിയാറും ചാലക്കുടീം പമ്പയാറും നിളാനദീം
പുഴയുടെ ഗതിമാറ്റം അപ്രതീക്ഷിതം

ഓ തിത്തിത്താരാ.............................................................

ഫ്ലാറ്റുമൂടി പാലംമൂടി മലമൂടി മരംമൂടി
വെള്ളം വെള്ളം എങ്ങുമെങ്ങും സർവ്വത്രവെള്ളം

ഓ തിത്തിത്താരാ.............................................................

പാമ്പുകളും പുഴകളും തേളുകളും പ്രാണികളും
എലികളും മാളത്തീന്നു വെളിയിലായി.

ഓ തിത്തിത്താരാ.............................................................

കരയിലും കുഴിയിലും മലയിലും വെള്ളം പക്ഷെ
ശുദ്ധജലം തുള്ളിപോലും കിട്ടാനുമില്ല.

ഓ തിത്തിത്താരാ.............................................................

സൈനികരും നാവികരും വള്ളങ്ങളും ബോട്ടുകളും
മീൻപ്പിടുത്തക്കാരുമപ്പോൾ രക്ഷകരായി.

ഓ തിത്തിത്താരാ.............................................................

മണ്ണവാരൽ കുന്നിടിച്ചിൽ നിലം മൂടൽ കാട്ടുവെട്ടൽ
മാനവന്റെ ദുഷ്ടങ്ങൾ പറകവയ്യ

ഓ തിത്തിത്താരാ.............................................................

അത്യാഗ്രഹം മതിയാക്കു അലസത വെടിഞ്ഞീടു
പ്രകൃതിമാതാവു സദാ നമ്മോട്ടുകൂടെ.

ഓ തിത്തിത്താരാ.............................................................

# എന്റെ ഗ്രാമം

കോമള സുന്ദര സുരഭിലഗ്രമം
ഹരിതകിരണ മലയണ്യഗ്
കാടും മലകളും നിരനിര യായി
അണിചേരുന്നാരു സൂര
വേഗത്തിൽ
പായുന്ന പുഴകൾറക്കാപ്പം
നിന്തിക്കളിക്കുന്ന പൊൻമീനുകൾ
സൂര്യകിരണങ്ങൾ വെയിലേൽക്കുമ്പോൾ
വാടാതെ നിൽക്കുന്ന എന്റ ഗ്രാമം
പൂക്കൾ പുഴുക്കൾ മൃഗാദികൾക്കൊപ്പവും
ആർത്തു നടന്നാരെന്റെ ഗ്രാമം
സൂര്യ ശോഭയാം എന്റെ ഗ്രാമം
എന്റെ ഗ്രാമം അതിസുന്ദര ഗ്രാമം

അഖിൽ

# കുട്ടിയാന

അമ്പലവയിൽ
ആട്ടം കാണാൻ
ആനക്കൂട്ടം വന്നെത്തി.
ആനക്കുട്ടികൾ
അവയിലൊരെണ്ണം
ആറ്റിൽപ്പോയ്.
അയ്യോ പൊത്തോം1
ആനകളെല്ലാം
ആറ്റിൽ മുങ്ങിത്തപ്പായി.
ആ വഴിയപ്പോൾ
ആലിൻ കാവിലെ
ആമച്ചാരുടെ വരവായി.
ആറ്റിൽപ്പോയൊരു
ആനക്കുട്ടിയെ
അവനും മുങ്ങിത്തപ്പായി.
"ആണ്ടേ ദേണ്ടേ ആമച്ചാരുടെ
വായിൽ ആന കിടപ്പായി."
ആനക്കൂട്ടം ആർത്തു വിളിച്ചു.
അതു കണ്ടിട്ടോ
ആളുകളെല്ലാം
അന്തംവിട്ടൊരുനിൽപ്പായ് !!...
ആർത്തുചിരിക്കെ
അവയിലൊരെണ്ണം
ആറ്റിൽപ്പോയ്.
അയ്യോ പൊത്തോം
ആനകളെല്ലാം
ആറ്റിൽ മുങ്ങിത്തപ്പായി.

ആ വഴിയപ്പോൾ
ആലിൻ കാവിലെ
ആമച്ചാരുടെ വരവയി.
ആറ്റിൽപ്പോയൊരു
ആനക്കുട്ടിയെ
അവനും മുങ്ങിത്തപ്പായി.
"ആണ്ടേ ദേണ്ടേ ആമച്ചാരുടെ
വായിൽ ആന കിടപ്പായി.''
ആനക്കൂട്ടം ആർത്തു വിളിച്ചു.
അതു കണ്ടിട്ടോ
ആളുകളെല്ലാം
അന്തംവിട്ടൊരുനിൽപ്പായ് !!...

എബിൻ കെ ജോൺസ്

# നവകേരളം

പ്രകൃതിയുടെ പച്ചപ്പും സൗന്ദര്യവും ആവശ്യത്തിൽ ഏറെയുള്ള നാടാണ് നമ്മുടെ കൊച്ചുകേരളം.എല്ലായിടത്തും സന്തോഷത്തിന്റെ ആർപ്പുവിളിക്കുന്നു.കേരളമ്‌കെ ഉന്മേഷം.കൊച്ചു കൊച്ചു മരങ്ങൾ,കൊച്ചു കൊച്ചു ചെടികൾ,പൂന്തോട്ടങ്ങൾ,വയലുകൾ അങ്ങനെ അങ്ങനെ സമൃദ്ധമായിരുന്നു നമ്മുടെ കേരളം.പല നാടുകളും അസൂയപ്പെടുന്ന തരത്തിലുള്ള നാട്.പല നാടുകൾക്കും ഏറെ പ്രിയന്‌കരമായ നാട്.മനോഹര ആരാമമായി മാറിയ നാടാണ് നമ്മുടെ കൊച്ചു കേരളം.പെട്ടെന്ന് ഒരു ദിവസം പ്രകൃതിയുടെ ചില കൊച്ചു വികൃതികൾ നടന്നു.എല്ലാ നാടുകളും നശിച്ചു.പലരുടെയും ജീവൻ തന്നെ നഷ്ടപ്പെട്ടു.പലരുടെയും പാർപ്പിടങ്ങൾ നഷ്ടപ്പെട്ടു.എല്ലാവരുടെയും സന്തോഷങ്ങൾ തട്ടിത്തകർത്തുകൊണ്ട് പ്രകൃതിയുടെ ചെറിയ കുസൃതി.എല്ലാവരുടെയും കണ്ണിൽ കണ്ണുനീരല്ല, ചോരയാണ് പൊടിഞ്ഞത്.പലരും മരണമടഞ്ഞു.പലരും സ്വന്തം ജീവൻ പോലും നഷ്ടപ്പെടുത്തി.മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാൻ പാഞ്ഞു നടന്നു.പ്രകൃതിയുടെ ഒരുചെറിയ  വികൃതികാരണം കുറേ മനുഷ്യജീവൻ നഷ്ടമായി. ഇനി ,നമ്മൾ ഒത്തൊരുമിച്ചു നിന്നാൽനമ്മുടെ ആപഴയകേരളം ഒരു പുതിയ ലോകമായി പണിതുയർത്താൻ കഴിയും.പഴയകേരളത്തിനേക്കാളും നല്ല ഒരു പുതിയ കേരളമാക്കി മാറ്റിടുവാൻ നമുക്ക് കഴിയും;ഒരു സ്വർഗ്ഗം തന്നെ പണിതുയർത്താൻ സാധിക്കും.പുതിയ പൂന്തോട്ടങ്ങൾ,വീടുകൾ,വയലുകൾ,കടകൾ.... . ഒരുപുതിയ പ്രകൃതിക്കായി പരിശ്രമിക്കാം.ഇപ്പോൾ നമ്മുടെ ലോകം ഒരു നരകം തന്നെയാണ്.ആനരകം നമുക്ക് സ്വർഗ്ഗമാക്കി മാറ്റണം.ഒരു പുതിയ   ലോകം.ആ നവകേരളത്തിനായി നമുക്ക ഒരുമിച്ച് പരിശ്രമിക്കാം കൂട്ടരേ.................

**BY, sreedevi  satyan**
**G.H.S.S. MUTTOM STD-VII**

# ബുദ്ധി മാനായ കാക്ക

ഒരിടത്ത് ഒരിടത്ത് ഒരു കാക്കയുണ്ടായിരുന്നു ഒരിക്കൽ
ആ കാക്ക പറന്നു പോകുകയായിരുന്നു ആ കാക്കയ്ക്ക്
നന്നായി ദാഹിക്കുന്നുണ്ടായിരുന്നു അപ്പോൾ ആകാക്ക
ഒരു മരകൊമ്പിൽ ഇരുന്നു അപ്പോൾ അവിടെ ഉണ്ടായിരുന്ന കണററിനരികിൽ
ഒരു മൺകുടം കണ്ടു
ദാഹിച്ചുവന്ന ആ കാക്ക മൺകുടത്തിൽ വന്നിരുന്നു
കുടത്തലേക്ക് നോക്കിയപ്പോൾ വെള്ളം കുടിക്കാൻ കഴുത്ത് എത്തിയില്ല
ബുദ്ധിമാനായകാക്ക കുടത്തിനരികിൽ കിടന്ന ചെറുകല്ലുകൾ തന്റെ കൊക്കു
കൊണ്ട് കൊത്തിഎടുത്ത് കുടത്തിൽ കൊണ്ടു
പോയി ഇട്ടു അപ്പോൾ കുടത്തിലെ വെള്ളം അൽപ്പം അൽപ്പമായി പൊങ്ങി വന്നു
കാക്കക്ക് വളരെ സന്തോഷമായി. കാക്ക വീണ്ടും കല്ലുകൾ കൊക്കിൽ
ശെഗരിച്ച് കുടത്തിൽ ഇട്ടു വെള്ളം വീണ്ടും കൂടുതലായി പൊങ്ങി. പൊങ്ങി വന്ന
വെള്ളം കുടത്തിൽ നിന്ന് വീഴാറായി. കാക്ക തന്റെ ദാഹം തീരുന്നതു വരെ വെള്ളം
കുടിച്ച ബുദ്ധിമാനായ കാക്ക പറന്നു പൊയി........

**Niran lal**

# പഴഞ്ചൊല്ലുകൾ

ജെസ്റ്റിൽ മാത്യു

1,അങ്കവു കാണം താളിയും ഒടിക്കാം.

2,പണമില്ലാത്തവൻ  പിണം.

3,നിത്യാഭ്യാസി ആനയെ എടുക്കും.

4,ആറ്റിൽ കളഞ്ഞാലും അളന്ന് കളയണം.

5,ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം.

6,ഉപ്പു തിന്നവൻ വെള്ളം കുടിക്കും.

7,നാക്ക് നന്നെങ്കിൽ നാടടക്കാം.

8,കൈ നനയാതെ മീൻ പിടിക്കുക.

9,ചക്കിന് വച്ചത് കൊക്കിന് കൊണ്ടു.

10,പയ്യെത്തിന്നാൽ പനയും തിന്നാം.

11,അക്കരെ നിൽക്കുമ്പോൾ ഇക്കരെപ്പച്ച.

12,പഴഞ്ചൊല്ലിൽ പതിരില്ല.

13,അപ്പം തിന്നാൽ പോരേ? കുഴി എണ്ണണോ?

14,അല്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രി കുടപിടിക്കും.

15,ആയിരം കുടത്തിന്റെ വായ് മൂടാം,അരവായ് മൂടിക്കൂടാ...

# തൂലികാനാമങ്ങൾ

മുഹമ്മദ്

ഷാബിൻ ഇൻഷ

1.പി.സി കുട്ടിക്കൃഷ്ണൻ - ഉറൂബ്

2.വി.വി അയ്യപ്പൻ - കോവിലൻ

3.കുഞ്ഞനന്തൻ നായർ - തിക്കോടിയൻ

4.ഒറ്റപ്ലാക്കൽ നാരായണൻ വേലുക്കുറുപ്പ് - ഒ.എൻ.വി

5.എം.പി ഭട്ടതിരിപ്പാട് - പ്രേംജി

6.ശ്രീകുമാർ - ആശാ മേനോൻ

7.എം.കെ മേനോൻ - വിലാസിനി

8.പി. വി നാരായണൻ നായർ - പാപ്പാൻ

9.വി.ടി ഭട്ടതിരിപ്പാട് - വി.ടി

10.അക്കിത്തം അച്യുതൻ നമ്പൂതിരി - അക്കിത്തം

11.ലീലാ നമ്പൂതിരിപ്പാട് - സുമഗല

12.കെ.ഇ.മത്തായി - പാറപ്പുറം

13.ഇടശ്ശേരി ഗോവിന്ദൻ - ഇടശ്ശേരി

14.വൈലോപ്പള്ളി ശ്രീധരമേനോൻ - വൈലോപ്പള്ളി

15.മാലിമാധവൻ നായർ - മാലി

16.ജോർജ്ജ് വർഗ്ഗീസ് - കാക്കനാടൻ

17 റ്റീ.സി. ജോസഫ് - ഇടമറുക്

18.കെ.നാരായണൻ നമ്പൂതിരി - എൻ.എൻ കക്കാട്

19.സി.ഗോവിന്ദപ്പിഷാരടി - ചെറുകാട്



ആനന്ദ് ശർമ്മ

**കവിത**

## പ്രകൃതി

''സിന്ദൂരതിലകം ചാർത്തി ഈറനണിഞ്ഞുണരും പുലരി.''

''മഞ്ഞണിഞ്ഞ മാമല മേലേ സ്വർണം വിടരും പൊൻകതിരും.''

''ഈണത്തിൽ മധുപകരുന്നൊരു ചിന്നിച്ചിതറും അരുവികളും''

മുക്കുറ്റി തുമ്പനിറയ്ക്കും മതിലുകൾ ചേരും ഇടവഴികൾ  സ്വപ്നങ്ങൾ മണ്ണിൽ വിതച്ചു സ്വർണ്ണ കതിരായ് വിളയുന്ന രാപ്പകലോ വന്നു കഴിഞ്ഞാൽ മഞ്ഞിൻ കണികൾ മൂടുന്ന ശലഭങ്ങൾ

മധുനുകരാനായി പൂമ്പൊടി മാറി നടക്കുന്നു അതുതാൻ ഈ-ഋതുഭേതങ്ങൾ മാറി തുടരെ നടക്കുന്നു നാക്കിലയിൽ വച്ചു വിളമ്പിയ പലതരമാവിഷ്കാരങ്ങൾ ആഘോഷിപ്പു സ്പന്ദങ്ങൾ രുചിയോടെ മാനവസേനാ ഇപ്പോഴും മാറുന്നില്ലിനി നിന്നുടെ മേനീഭംഗികളും ഭൂതിയോടെ നമിപ്പൂ നിന്നുടെ പ്രാകൃതമാതേ ശതകാലം........

അഭിജിത്ത് ബൈജു

---

# ശാസ്ത്രം രക്ഷകനോ? ശിക്ഷകനോ?

**ശാസ്ത്രപുരോഗതിയിൽ ഊറ്റം കൊള്ളുന്ന ഈ ആധുനികയുഗം പ്രപഞ്ചശക്തികളുടെ താണ്ഡവത്തിൽ പകച്ച നിൽക്കുമ്പോൾ ഒരു നിമിഷം ചിന്തിച്ച പോകുന്നു. ഈ ശാസ്ത്രീയ നേട്ടങ്ങൾ എന്തിനു വേണ്ടിയായിരുന്നു?മാനവകുലത്തിന്റെ നാശത്തിനു വേണ്ടിയോ?**

**ഇന്ന് ശാസ്ത്രം കൈയ്യൊപ്പ് വയ്യ്ക്കാത്ത ഒരു മേഖലയും ഇല്ല.ഒരു വിരൽത്തുമ്പിൽ എല്ലാം ഒതുങ്ങുന്നു. എന്നാൽ ആ വിരൽത്തുമ്പ് തന്നെ യുവജനതയെ ചുട്ടു ചാമ്പലാക്കുന്ന യാതൊരു ധാർമ്മികതയും ഇല്ലാത്ത യുവജനതയ്ക്ക് ജന്മം നൽകി മുന്നോട്ട് തള്ളുന്നു.**

**കൃഷിയിൽ ഇന്ന് വിപ്ലവം നടന്നു കൊണ്ടിരിക്കുന്നു. രാസവളപ്രയോഗത്തിലൂടെയും നൂതനകൃഷിയായുധങ്ങളിലൂടെയും ഏറ്റവും നല്ല വിളവ് നൽകികൊണ്ടിരുന്ന കൃഷിരംഗം ഒരു തിരിച്ചുനടപ്പിന് തയ്യാറായിനിൽക്കുകയാ.കാരണം,വിഷമില്ലാത്ത കാർഷികോൽപ്പന്നവും ഇന്ന് ഭൂമിയിലില്ല എന്നതുതന്നെ.അതിനാൽ ചിന്താശീലരായ ജനം ജൈവകൃഷിയിലേക്ക്മടങ്ങി എന്നു തന്നെ പറയാം.**

**അന്തരീക്ഷമലിനീകരണം ഒരു ചിന്ത!ശാസ്ത്രത്തിന്റെ നേട്ടം എന്ന് കരുതിയ പ്ലാസ്ററിക്ക് ഇന്ന് ഏറ്റവും വലിയ വില്ലനായി മാറി.പ്ലാസ്ററിക് ഉൽപ്പന്നം ഉണ്ടാക്കുമ്പോൾ വനം സംരക്ഷിക്കപ്പെടുന്നു- പ്രകൃതി സംരക്ഷിക്കപ്പെടുന്നു എന്ന ആശയം മറക്കുന്നില്ല. എന്നാൽ അതിനെക്കാൾ രൂക്ഷമാണ് പ്ലാസ്ററിക് മാലിന്യം. ഇന്നത്തെ ഈ കാലാവസ്ഥാവ്യതിയാനത്തിന്-ഓസോൺപാളിയെ തകർക്കുന്നതിൽ ഒരു മുഖ്യ പങ്ക് വഹിച്ചത് പ്ലാസ്റ്റിക്ക് ഉത്പന്നം കത്തിച്ചപ്പോൾ ഉണ്ടായ CFC.**

**Computer-internet സൗകര്യങ്ങൾ ആയപ്പോൾ വളരുന്ന തലമുറയുടെ ചിന്താശക്തി അദ്ധ്വാനിക്കുവാനുള്ള കഴിവ് ഇവയ്ക്ക് തുരങ്കം വച്ചിരിക്കുന്നു. കുട്ടികൾ ചിന്തിക്കാതെ തന്നെ അവർക്കു നൽകുന്ന വർക്കുകൾക്ക് പരിഹാരം കണ്ടെത്തുവാൻ computer സഹായിക്കുന്നത്കുട്ടികളുടെ നിലവാര തകർച്ചയ്ക്ക്കാരണമാകില്ലേ?**

**എന്നാലും വൈദ്യശാസ്ത്രരംഗത്തും, തൊഴിൽ മേഖലയിലും, വിദ്യാഭ്യാസരംഗത്തും, ആകാശവീഥിയിലും ശാസ്ത്രപുരോഗതിയെ നമ്മുക്ക് അവഗണിച്ച കൂടാ. പ്രഞ്ചശക്തി ശിക്ഷകനോ ആക്കുന്നത്**

ഓരോരുത്തരും അല്ലേ- ചിന്തിക്കൂ! വിവേകത്തോടെ പെരുമാറുവാൻ പഠിക്കൂ! ശാസ്ത്രത്തോടൊപ്പം നടക്കുവാൻ തീരുമാനിക്കൂ!

ലില്ലിക്കുട്ടി

(എച്ച്.എസ് സയൻസ് ടീച്ചർ)

# കേരളമണ്ണിലൂടെ ഒരു യാത്ര

കേരളം മാരകമാക്കുന്നുവോ?
നാടിനെ നരകമായ് തീർക്കുന്നുവോ?
ഗ്രാമത്തിൻ നറുമണം പുകയുന്നുവോ?
പൊടിപാറിവീശുമോ ഭരണകൂടം.
പ്രക്രുതിയെ നീരാവിയാക്കുന്നുവോ?
തക്രുതിയായ് കണ്ണീരു വാർന്നിടുമോ?
വാർന്നിട്ടും കണ്ണീര് പുഴയായിട്ടും പിന്നെ
കേരങ്ങൾ തിങ്ങി നിറഞ്ഞിടത്തെ
മരവിച്ച ജീവനായ് തീർക്കുന്നുവോ?
നരകമായ് ലോകം വികസിച്ചുവോ?
കാരാഗ്രഹങ്ങളായ് തീരുന്നുവോ?
പാടം നികത്തി കമഴ് ത്തുന്നുവോ?
ഭൂമിതൻ നിശബ്ദ ചോരയോടെ
മലകൾതൻ  ഉച്ചി പറിച്ചെടുത്തോ?
കലകൾതൻ ഉറവിടം വറ്റുന്നുവോ?
പുഴുകളെ കുപ്പികളിലാക്കുന്നുവോ
കയ്യേറുമോ?കൈ കഴച്ചിടുമോ?
തരുവിന്റെ കാറ്റിനെ തപിപ്പിക്കുമോ
വരവാകുമോ ആ വസന്തകാലം

ആനന്ദ് ശർമ്മ

ജെറിൻ ജെ വർഗ്ഗീസ്



# രാമായണം ക്വിസ്

1. രാമായണം ആദ്യമായി രചിച്ചത് ആരാണ് ?

ഉത്തരം ;ബ്രഹ്മാവ്

2. മലയാളത്തിൽ ആദ്യമായി രാമകഥയഴുതിയ കവി ?

9 ഉത്തരം;ചിരാമൻ

3.മലയാളത്തിലെ ആദ്യ കൃതി ?

ഉത്തരം;രാമചരിതംപാട്ട്

4.അദ്ധ്യാത്മ രാമായണം മലയാളത്തിലെഴുതിയ കവി ?

ഉത്തരം;തുഞ്ചത്തെഴുത്തച്ഛൻ

5.മലയാളഭാഷയുടെ പിതാവ് ?

ഉത്തരം;എഴുത്തച്ഛൻ

6.എഴുത്തച്ഛന്റെ ജന്മസ്ഥലം ?

ഉത്തരം;തിരൂരിലെ  തുഞ്ചൻപറമ്പ്

7.വാല്മീകി.രാമായണം മലയാളത്തിൽ തർജജമ ചെയ്ത കവി?

ഉത്തരം;വള്ളത്തോൾ

8.ശ്രീരാമാവതാരം മഹാവിഷ്ണവിന്റെ എത്രമത്തെ അവതാരം?

ഉത്തരം;എട്ടാമത്തെ

9.ശ്രീരാമന്റെ ജന്മസ്ഥലം?

ഉത്തരം;അയോദ്യ

10.ശ്രീരാമന്റെ പിതാവ്?

ഉത്തരം;ദശരഥം

11.ശ്രീരാമൻെറ മാതാവ്?

ഉത്തരം;കൗസല്യ

12.ദശരഥന്റെ ഭാര്യമാർ?

ഉത്തരം;കൗസല്യ,കൈകേയി,സുമിത്ര

13.ദശരഥന്റെ പുത്രി?

ഉത്തരം;ശാന്ത

14.ശാന്തയുടെ ഭർത്താവ്?

ഉത്തരം;ഋശ്യശൃംഗൻ

പ്രണ കെ അജിത

# ന്യായങ്ങൾ

മലയാളഭാളഷയിലെ ശൈലികൾ.പഴഞ്ചൊല്ലുകൾ എന്നിവ പോലെ

സംസ് ക്രതഭാഷയിൽ ആപ്തവക്രംപോവുള്ളതും ഭ്രഷ്ടാന്തങ്ങൾ അടങ്ങിയതുമായ ലോകോക്തികളാണ് ന്യായങ്ങൾ.

**1,**ഘുണാക്ഷരന്യായം-പുഴുക്കൾ ഇഴഞ്ഞ പാടുകൾ അക്ഷരങ്ങളായി തോന്നുന്നത്

**2,**നീരക്ഷീരന്യായം-പാലും വെള്ളവും ചേർന്നാലെന്നപോലെ വേർതിരിച്ചറിയാൻ പറ്റാത്തത്

**3,**രജ്ജുപന്നഗന്യായം-(രജ്ജുസർപ്പന്യായം)കയർ കണ്ടിട്ട് പാമ്പാണെന്ന്

തോന്നുന്നത്.

**4,**ചിത്രതുരഗന്യായം-ചിത്രത്തിലുള്ളത കുതിരയാണെന്ന് തോന്നുന്നക്

**5,**തിലതണ്ഡുലന്യായം-എള്ളും അരിയും ചേർന്നപോലേ രണ്ടും വേർതിരിച്ചറിയാവുന്നത്

**6,**കാകതാലീയ ന്യായം-കാക്കയും വന്നു പനമ്പഴവും വീണ എന്നപോലെ ഒരേ സമയം സംഭവിക്കുന്നത

# പ്രഥമശുശ്രൂഷ

## തത്വങ്ങൾ

1.കഴിയുന്നത്ര പെട്ടെന്ന് അത്യാഹിതം നടന്ന സ്ഥലത്ത് എത്തുക.

2.അനാവശ്യമായ ചോദ്യങ്ങൾ ചോദിച്ച് സമയം കളയാതിരിക്കുക.

3.അപകടകാരി  ഏതായാലും രോഗിയിൽ നിന്നകറ്റുക.

4.രോഗി മരിച്ചോ,ജീവനുണ്ടോ,ബോധമുണ്ടോ ഇല്ലയോ എന്ന് മനസ്സിലാക്കുക.

5.ഏതുതരത്തിലുള്ള പ്രഥമശുശ്രൂഷയാണ് നൽകേണ്ടതെന്ന് തീരുമാനിക്കുക.

6.വൈദ്യസഹായത്തിനുള്ള ഏർപ്പാടുണ്ടാക്കുക

7.രോഗിയുടെ വിവരങ്ങളും അപകടത്തിന്റെ രേഖയും എഴുതി സൂക്ഷിക്കുക.

8.രോഗിയെ കാറ്റും വെളിച്ചവും കിട്ടത്തക്ക വിധത്തിൽ കിടത്തുക.

9.രോഗിയെ സമാശ്വാസിപ്പിക്കുക

## മനുഷ്യശരീരത്തിന്റെ ഘടനയും പ്രവർത്തലവും

ശരീരത്തിന്റെ ഘടനയുടെയും പ്രവർത്തനത്തന്റെയും അടിസ്ഥാനഘടകമാണ്  കോശം ,അഥവാ സെൽ.അസംഖ്യം കോശങ്ങൾ ചേർന്നതാണ് നമ്മുടെ ശരീരം.സമാന സ്വഭാവമുള്ള കോശസമൂഹത്തെ 'ടിഷ്യു ' എന്നു പറയാം. അനേകം ടിഷ്യുകൾ ചേർന്നാണ് അവയവം ഉണ്ടാവുന്നത്.ഹൃദയം,ശ്വാസകോശം,കിഡ്നി

# ജീവചരിത്ര സമാഹാരം

ലോകത്തിൽ പലരും ജനിക്കുന്നതും മരിക്കുന്നതും അവർക്കുള്ള ലക്ഷ്യം നിറവേറ്റാനാണ്......അതിൽ ചിലരുടെ ജീവതമാണ് ഈ പേജ് മുതൽ ആരംഭിക്കുന്നത്.......




## നെൽസൺ മണ്ടേല

ദക്ഷിണാഫ്രിക്കയിലെ വർണ്ണവിവേചനത്തിനെതിരെ പോരാടിയ പ്രമുഖനേതാവാണ് നെൽസൺ മണ്ടേല (ഇംഗ്ലീഷ്: **Nelson Rolihlahla Mandela,** ജനനം 1918 ജൂലൈ 18 - മരണം:2013 ഡിസംബർ 5). തുടർന്ന് വർണ്ണ-വംശ വ്യത്യാസമില്ലാതെ ദക്ഷിണാഫ്രിക്കയിലെ എല്ലാ വിഭാഗങ്ങളിലുമുള്ള ജനങ്ങളേയും ഉൾപ്പെടുത്തി നടത്തിയ ആദ്യത്തെ ജനാധിപത്യരീതിയിലുള്ള തിരഞ്ഞെടുപ്പിൽ വിജയിച്ച മണ്ടേല 1994 മുതൽ 1999 വരെ ദക്ഷിണാഫ്രിക്കയുടെ പ്രസിഡണ്ടായിരുന്നു. 1993-ൽ സമാധാനത്തിനുള്ള നോബൽ സമ്മാനം ഫ്രഡറിക് ഡിക്ലർക്കിനോടൊപ്പം പങ്കിട്ടു. ഭാരതത്തിലെ ഏറ്റവും ഉയർന്ന ദേശീയബഹുമതിയായ ഭാരതരത്ന പുരസ്കാരം നൽകി 1990 ൽ ഭാരതസർക്കാർലയെ ആദരിച്ചു. ഈ പുരസ്കാരം ലഭിക്കുന്ന ഭാരതീയനല്ലാത്ത രണ്ടാമത്തെ വ്യക്തിയും നോബൽ സമ്മാനം ലഭിക്കുന്നതിനു മുൻപ് ഭാരതരത്നം ലഭിച്ച ഏക വിദേശീയനുമായിരുന്നു അദ്ദേഹം. ലോങ് വോക് റ്റു ഫ്രീഡം ആണ് ആത്മകഥ.

തെമ്പു എന്ന ഗോത്രത്തിലെ ഒരു രാജകുടുംബത്തിലാണ് മണ്ടേല ജനിച്ചത്. ഫോർട്ട് ഹെയർ സർവ്വകലാശാലയിലും, വിറ്റവാട്ടർസ്രാന്റ് സർവ്വകലാശാലയിലുമായി നിയമപഠനം പൂർത്തിയാക്കി. ജോഹന്നസ്ബർഗിൽ

താമസിക്കുന്ന കാലഘട്ടത്തിൽത്തന്നെ സാമ്രാജ്യത്വവിരുദ്ധ രാഷ്ട്രീയത്തിൽ തൽപ്പരനായിരുന്ന അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിലേക്കുള്ള പ്രവേശനം ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിലൂടെ ആയിരുന്നു. ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിന്റെ യുവജനസംഘടനയായ യൂത്ത് ലീഗിന്റെ സ്ഥാപകരിൽ പ്രമുഖനായിരുന്നു മണ്ടേല. 1948 ലെ കടുത്ത വർണ്ണവിവേചനത്തിന്റെ കാലഘട്ടത്തിൽ മണ്ടേല, പാർട്ടിയിലെ പ്രമുഖസ്ഥാനത്തേക്ക് എത്തിച്ചേർന്നു. തുടക്കത്തിൽ മണ്ടേല അക്രമത്തിന്റെ പാതയിലൂടെയുള്ള ഒരു സമരമാർഗ്ഗമാണ് സ്വീകരിച്ചത്. രാജ്യദ്രോഹം പോലെയുള്ള കുറ്റങ്ങൾ ചുമത്തി അദ്ദേഹത്തെ നിരവധി തവണ ജയിലിലിലടച്ചിട്ടുണ്ട്. വിധ്വംസനപ്രവർത്തനം നടത്തി എന്നാരോപിച്ച് ജീവപര്യന്തം തടവിനു ശിക്ഷിക്കുകയുണ്ടായി. 27 വർഷത്തോളമാണ് മണ്ടേല



# ഡോ. എ.പി.ജെ. അബ്ദുൽ കലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു(200-22007) അവുൽ പകീർ ജൈനുലബ്ദീൻ അബ്ദുൽ കലാം എന്ന ഡോ. എ.പി.ജെ. അബ്ദുൽ കലാം (1931 ഒക്ടോബർ 15 – 2015 ജൂലൈ 27). പ്രശസ്തനായ മിസൈൽ സാങ്കേതികവിദ്യാവിദഗ്ധനും എഞ്ചിനീയറുമായിരുന്ന ഇദ്ദേഹം. തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച ഇദ്ദേഹം ബഹിരാകാശ എൻജിനീയറിംഗ് പഠനത്തിന് ശേഷം പ്രതിരോധ ഗവേഷണ വികസന കേന്ദ്രം (DRDO), ബഹിരാകാശഗവേഷണകേന്ദ്രം (ISRO) തുടങ്ങിയ ഗവേഷണസ്ഥാപനങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിരുന്നു.[4]. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച സാറ്റലൈറ്റ് ലോഞ്ച് വെഹിക്കിളിന്റേയും, ബാലിസ്റ്റിക് മിസൈലിന്റേയും വികസനത്തിനും ഏകോപനത്തിനും മറ്റും അബ്ദുൾകലാം വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. മിസ്സൈൽ സാങ്കേതികവിദ്യയിൽ അദ്ദേഹത്തിന്റെ സംഭാവനകൾ കണക്കിലെടുത്ത് 'ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ' എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്. പൊക്രാൻ അണ്വായുധ പരീക്ഷണത്തിനു പിന്നിൽ സാങ്കേതികമായും, ഭരണപരമായും കലാം സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്.

**2002-ൽ അന്നത്തെ ഭരണകക്ഷിയായിരുന്ന ഭാരതീയ ജനതാ പാർട്ടി-യുടെയും പ്രധാന പ്രതിപക്ഷകക്ഷിയായിരുന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് (ഐ)-യുടെയുംപിന്തുണയോടെ ഇദ്ദേഹം രാഷ്ട്രപതിസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.തന്റെ ജനകീയനയങ്ങളാൽ, "ജനങ്ങളുടെ രാഷ്ട്രപതി" എന്ന പേരിൽ പ്രശസ്തനായ അദ്ദേഹം 2007 ജൂലൈ 25-ന സ്ഥാനമൊഴിഞ്ഞ ശേഷം തന്റെ ഇഷ്ടമേഖലകളായ അദ്ധ്യാപനം, എഴുത്ത്, പ്രഭാഷണം, പൊതുജനസേവനം തുടങ്ങിയവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.**

**എ.പി.ജെ. അബ്ദുൽ കലാം പ്രഭാഷണത്തിനിടെ 2014**
**ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് അഹമ്മദാബാദ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻഡോർ എന്നിവിടങ്ങളിൽ അദ്ധ്യാപകനും, തിരുവനന്തപുരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയുടെ വൈസ് ചാൻസലറുമായിരുന്നു.**

**2020 ൽ ഇന്ത്യയെ ഒരു വികസിതരാഷ്ട്രമാക്കി മാറ്റാനുള്ള മാർഗ്ഗങ്ങളും ദർശനങ്ങളും ഇന്ത്യ 2020 എന്ന തന്റെ പുസ്തകത്തിൽ അദ്ദേഹം അവതരിപ്പിച്ചിരുന്നു. അദ്ദേഹം ഒരു സാങ്കേതികവിദ്യാവിദഗ്ധൻ മാത്രമായിരുന്നില്ല രാഷ്ട്രത്തിന്റെ ഭാവിയെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടുള്ള രാഷ്ട്രതന്ത്രജ്ഞൻ കൂടിയായിരുന്നു. വിവിധ വിദ്യാലയങ്ങൾ സന്ദർശിച്ച് അവിടത്തെ വിദ്യാർത്ഥികളുമായി സംവദിക്കുക എന്നത് കലാമിന് ഇഷ്ടമുള്ള കാര്യമായിരുന്നു. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ വിദ്യാർത്ഥികൾക്ക് വളരെയധികം പ്രചോദനം നൽകുന്നവയാണ്. apj@abdulkalam.com എന്ന തന്റെ ഇ-മെയിലിൽ എല്ലായ്പ്പോഴും സജീവമായിരുന്നുകൊണ്ട് അദ്ദേഹം ആളുകളുമായി, വിശിഷ്യാ വിദ്യാർത്ഥികളുമായി, നിരന്തരം സംവദിച്ചുകൊണ്ടിരുന്നു. അഴിമതി വിരുദ്ധ ഇന്ത്യ സൃഷ്ടിക്കുവാനായി യുവജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള ഒരു ദൗത്യവും അദ്ദേഹം ഏറ്റെടുത്തു നടത്തുന്നുണ്ടായിരുന്നു.**
2015 ജൂലൈ 27 ന് 84-ാം വയസ്സിൽ അദ്ദേഹം അന്തരിച്ചു. ഷില്ലോങ്ങിൽ ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് മാനേജ്മെന്റിൽ പ്രസംഗിക്കുന്നതിനിടെ ഉണ്ടായ ഹൃദയാഘാതത്തെത്തുടർന്ന് കുഴഞ്ഞുവീഴുകയായിരുന്നു. ഉടനെ അടുത്തുള്ള ബഥനി ആസ്പത്രിയിൽ എത്തിച്ചെങ്കിലും രക്ഷിക്കാനായില്ല.



# ടി. പത്മനാഭൻ

മലയാളത്തിലെ  പ്രമുഖ ചെറുകഥാകൃത്ത്.
ജില്ലയിലെ  പള്ളിക്കുന്നിൽ   1931
ഫെബ്രുവരി  5 ന് ജനിച്ചു.  അൽപ്പകാലം
അഭിഭാഷകനായി പ്രവർത്തിച്ചു. പിന്നീട്
എഫ്.എ.സി.ടിയിൽ ഡെപ്യൂട്ടി ജനറൽ
മാനേജരായി ജോലി  ചെയ്തു. മലയാള കഥാസാഹിത്യരംഗത്ത്   വ്യത്യസ്തമായ
ഒരു  ആസ്വാദനാനുഭവം സൃഷ്ടിച്ച  കഥാ-
കൃത്ത്  എന്നിലയിൽ ആദരിക്കപ്പെടുന്നു
കഥകൾ  മാത്രമേ  എഴുതൂ എന്ന് സ്വയം

തീരുമാനിച്ച  എഴുത്തുകാരനാണ്.കേന്ദ്ര-
കേരളസാഹിത്യ അക്കാദമി അവാർഡു-
കൾ, എഴുത്തച്ഛൻ പുരസ്കാരം,എം.പി.പോൾ അവർഡ്,
വയലാർ അവാർ, സഞ്ജയൻ പുരസ്കാ-
രം, വള്ളത്തോൾ അവാർഡ്  തുടങ്ങി
നിരവധി  ബഹുമതികൾ ലഭിച്ചിട്ടുണ്ട.
ഗൗരി,കടൽ,സാക്ഷി,മഖൻസിംഗിൻെറ
മരണം, കാലഭൈരവൻ,നളിനകാന്തി,
പ്രകാശം പരത്തുന്ന ഒരു പെൺകുട്ടി,
പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക്,
ആത്മാവിൻെറ മുറിവുകൾ, യാത്ര  തു-
ടങ്ങിയവയാണ് പ്രധാന കഥാസമാഹാ-
രങ്ങൾ.



# സ്റ്റീവ് ജോബ്സ്

ആപ്പിൾ ഇൻകോർപ്പറേറ്റഡിന്റെ സഹസ്ഥാപകനും മുൻ സി.ഇ.ഒയുമാണ് സ്റ്റീവൻ പോൾ ജോബ്സ് എന്ന സ്റ്റീവ് ജോബ്സ് (ഫെബ്രുവരി **24, 1955 –** ഒക്ടോബർ **5 2011).** പേഴ്സണൽ കമ്പ്യൂട്ടർ എന്ന ആശയം ജനകീയമാക്കിയതും ആപ്പിൾ കമ്പനിക്ക് തുടക്കമിട്ടതും ജോബ്സും സ്റ്റീവ് വോസ്നിയാക്കും ചേർന്നാണ്. നെക്സ്റ്റ് ഐ, പിക്സാർ എന്നീ പ്രശസ്ത കമ്പനികളുടെയും സ്ഥാപകനാണ് ജോബ്സ്. **1980** കളിൽ ജോബ്സും ജെഫ് റാസ്കിനും ചേർന്ന് പുറത്തിറക്കിയ മാക്കിന്റോഷ് സീരീസ് കമ്പ്യൂട്ടറുകളും വിജയം നേടി.

2011 ഓഗസ്റ്റ് 24-ന് ആപ്പിളിന്റെ സി.ഇ.ഒ സ്ഥാനത്തു നിന്ന് വിരമിക്കുകയാണെന്ന് സ്റ്റീവ് ജോബ്സ് പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ വിരമിക്കൽ കത്തിൽ ആപ്പിളിന്റെ വിജയഗാഥ തുടരുമെന്നും തന്റെ പിൻഗാമിയായി ടിം കുക്കിനെ നിയമിക്കുന്നതായും അറിയിച്ചു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം, ആപ്പിളിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ ചെയർമാനായി നിയമിച്ചു.
പാൻക്രിയാറ്റിക് അർബുദബാധ മൂലം ആറാഴ്ചകൾ കൂടി മാത്രമേ സ്റ്റീവ് ജീവിച്ചിരിക്കുകയുള്ളൂവെന്ന് **2011** ഫെബ്രുവരി **18-**ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു**[ 2011** ഒക്ടോബർ **5-**ന് രോഗം മൂർച്ഛിച്ചതിനെ തുടർന്ന് കാലിഫോർണിയയിലെ പാലൊ ആൾട്ടോയിൽ വച്ച് സ്റ്റീവ് അന്തരിച്ചു**[14].**

## കൃതജ്ഞത

ഈ മാഗസിൻ വിജയത്തിലേക്ക് കുതിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു; ഈ സ്കൂൾ പ്രതീക്ഷിക്കുന്നു. കുഞ്ഞുമനസ്സുകളിലെ ചെറുനാമ്പുകളുടെ കലയുടെ സമാഹാരമാണിത്. ഈ പ്രവർത്തനത്തിൽ മുഖ്യ പങ്കാളികളായ ചീഫ് എഡിറ്ററായ ജെറിൻ ജെ വർഗീസിന് പ്രത്യേക നന്ദിയുണ്ട്. കൂടാതെ, കൈറ്റ് മിസ്ട്രസുമാരായ രജനി ടീച്ചറിനും ബേബി ടീച്ചറിനും കൃതജ്ഞത അറിയിക്കുന്നു. എല്ലാ ലിറ്റിൽ കൈറ്റ് മെമ്പർമാർക്കും നന്ദി അറിയിക്കുന്നു....